Reg. No. K. 31

# തൊഴിലാളി

Founder: Father Vadakkan

*Honorary Chief Editor:* T. O. Mathew, M.A. *Managing Editor:* B. Wellington B. A.

പുസ്തകം 12 | ലക്കം 27 | 1965 ജനുവരി 29 വെള്ളി തൃശ്ശൂർ | വില 7 നയാപൈസ | പേജ് 4

## അണ്ണാമല സർവ്വകലാശാല അടച്ചു

ചിദംബരം, ജനു. 28

ഇന്നലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിലുണ്ടായ വെടിവെപ്പിനെ തുടർന്ന് അണ്ണാമല സർവ്വകലാശാല ഇന്ന് അടച്ചു. വിദ്യാർത്ഥികളെ ഹോസ്റ്റലുകളിൽനിന്ന് വീട്ടിലേക്കയച്ചു. (പി. ടി. ഐ)

## 'തൊഴിലാളി' വരിസംഖ്യ കൂടുന്നു

| | പോസ്റ്റുവഴി | പോസ്റ്റുവഴി അല്ലാതെ |
|---|---|---|
| ഒരു കൊല്ലത്തേക്ക് | 27-00 | 6-00 |
| ആറുമാസത്തേക്ക് | 13-50 | 3-00 |
| മൂന്നുമാസത്തേക്ക് | 6-75 | 1-50 |
| ഏജൻറുമാർക്കുവരി (ഒരു മാസത്തേക്ക്) | | |
| വാരാന്ത്യപതിപ്പ് മാത്രം | | 2-10 |
| മാഗസിൻ | 22 7 | 22-10 |

മാനേജർ

# പ്രക്ഷോഭണം നിർത്തുക; പ്രശ്നം ചർച്ച ചെയ്യാം

## ഹിന്ദിവിരുദ്ധരോട് പ്രധാനമന്ത്രി ശാസ്ത്രി

(പി ടി ഐ) ന്യൂ ഡൽഹി ജനു: 28

**ഹിന്ദിവിരുദ്ധ പ്രക്ഷോഭണത്തിന് വിരാമമിടാൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി ഇന്ന് മദിരാശി സംസ്ഥാനത്തെ ജനങ്ങളോട് ആഹ്വാനംചെയ്തിരിക്കുന്നു.**

അദ്ദേഹം പറഞ്ഞു: 'ഈ പ്രശ്നം സംബന്ധിച്ച് നമുക്ക് പരസ്പരം സംസാരിക്കാം. അവരവരുടെ വാദമുഖങ്ങൾ പരസ്പരം മനസ്സിലാക്കാം.'

മദിരാശിയിൽനിന്നും റിപ്പോർട്ടുചെയ്യപ്പെടുന്ന സ്വയംഭരണം ഇന്ത്യാരാജ്യത്ത് പുതിയ ഒരു സംഭവമാണെന്ന് ശാസ്ത്രി പറഞ്ഞു. നമ്മുടെ രാഷ്ട്രത്തിന്റെ ഏതെങ്കിലും ഭാഗത്തു ജനങ്ങൾ ഇത്രയും ദുരിതങ്ങൾ അനുഭവിക്കുന്നതു നാം ആഗ്രഹിക്കുന്നില്ല. ലാലാജി പത്രറായി ശതാബ്ദിയാഘോഷങ്ങൾ ഘോഷനം ചെയ്തുകയായിരുന്ന ശാസ്ത്രി.

ഇത്രയും ഒരു പ്രക്ഷോഭണം അനുവദിക്കുന്നതിൻറെ യഥാർത്ഥകാരണം എന്താണെന്ന് തനിക്ക് മനസ്സിലാകുന്നില്ലെന്ന് ശാസ്ത്രി പറഞ്ഞു. ഹിന്ദി രാഷ്ട്രഭാഷയാക്കുന്നതു സംബന്ധിച്ചുള്ള തടസങ്ങൾ ഇതു പുതിയ കാര്യമല്ല; അതു ഭരണഘടനയിൽ ഉള്ളതാണ്. 1965 മുതൽ ഹിന്ദി രാഷ്ട്രഭാഷയായിരിക്കുമെന്ന് 1950 ൽ തന്നെ തീരുമാനിച്ചിട്ടുണ്ട്. പുതിയതായി നമ്മളിപ്പോൾചെയ്യുന്നത് ഭരണഘടനയിലുള്ള തത്വങ്ങൾക്കനുസൃതമായി നാം നിങ്ങുക മാത്രമേ ചെയ്യുന്നുള്ളൂ.

ശാസ്ത്രി തുടർന്നു: 'പരീക്ഷ അതിനുശേഷവും ഇംഗ്ലീഷ് പകരം ഭാഷയായി തുടരുമെന്ന് നാം പാർലിമെന്റിൽ നിയമം പാസ്സാക്കി. അഹിന്ദി പ്രദേശങ്ങളിലെ ജനങ്ങൾക്ക് നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ചാണ് ഈ നടപടി സ്വീകരിച്ചതു്. അതേസമയം തന്നെ ഗവർമെണ്ടു് ഇന്ന് അനുഭവത്തിലിരിക്കുന്നതുമാണ്. ഇപ്പോൾ ഉള്ളവയിട്ടുള്ള ബുദ്ധിമുട്ടുകളെന്തൊക്കെയാണ് എനിക്ക് മനസ്സിലാകുന്നില്ല.'

'ഇംഗ്ലീഷ് ഉപയോഗിക്കാതെയും പ്രാദേശിക ഭാഷ വികസിപ്പിക്കാതെയും മദിരാശിക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ശാസ്ത്രി പറഞ്ഞു. ഹിന്ദി പഠിക്കണമെന്നുള്ളവർ അതു പഠിക്കട്ടെ. അല്ലാത്തവരുടെമേൽ അതു അടിച്ചേൽപിക്കുകയില്ല. രാഷ്ട്രത്തിന്റെ ഐക്യം അവകടത്തിലാക്കരുതു്. സാമ്പത്തിക വികസനമായാലും വ്യവസായ പുരോഗതിയായാലും പ്രതിരോധ തയ്യാറെടുപ്പായാലും എല്ലാറ്റിന്റേയും വിജയം ഐക്യത്തിൽ അധിഷ്ഠിതമായിരിക്കണം.

രാഷ്ട്രം ഇന്ന് വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. അവ പരിഹരിക്കുന്നതിനും ഉന്നതനിലയിലെത്തുന്നതിനും ജനങ്ങളുടെ പൂർണ്ണമായ സഹകരണം ഗവർമെണ്ടിനാവശ്യമാണ്'.

ലാലാജിയുടെ ചരിത്രം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രമാണെന്നും അദ്ദേഹത്തിന്റെ സേവനങ്ങളെയും ത്യാഗങ്ങളേയും പുനരവലോകനം ചെയ്യേണ്ടതു് ശാസ്ത്രി പറഞ്ഞു. അവകാശങ്ങൾക്കു വേണ്ടി പോരാടിയിരുന്ന ഈ യുഗത്തിലെ ജനങ്ങളുടെ ചിന്താകേന്ദ്രം ഒരു പുതിയ ശൂന്യത നൽകിയതു് അദ്ദേഹമാണ്. ഈ രാഷ്ട്രത്തു് ദേശീയതയ്ക്കുള്ള ജന്മം നൽകിയ പുരുഷനും ചിലരിലൊരാളാണ് അദ്ദേഹം.

## മസാനി എത്തി

(സ്വ ലേ) എറണാകുളം ജനു. 28

കേരളത്തിൽ അടുത്തു നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിശ്ചയിച്ചു പ്രഖ്യാപിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കാൻ സ്വതന്ത്രപാർട്ടി ജനറൽ സെക്രട്ടറി എം ആർ മസാനി ഇന്നിവിടെയെത്തിയിരിക്കുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടെ എത്തിയ സ്വതന്ത്രപാർട്ടി പ്രവർത്തകർ വിമാനത്താവളത്തിൽ വെച്ച് അദ്ദേഹത്തെ സ്വീകരിച്ചു. പാർട്ടി സ്ഥാനാർത്ഥികളുടെ ലിസ്റ്റ് താനും രാജഗോപാലാചാരിയും എൻ ജി രങ്കായും ഉടനെപ്രഖ്യാപിക്കുമെന്ന് മാസാനി പറഞ്ഞു. മദിരാശിയിൽവെച്ചു് പരിശോധിച്ചതിനുശേഷമേ പാർട്ടിയുടെ പ്രകടനപത്രിക പുറത്തിറക്കുകയുള്ളുവെന്നും മസാനി വെളിപ്പെടുത്തി.

കേരളത്തിലെ തിരഞ്ഞെടുപ്പുകാര്യങ്ങൾ ഒരേകോപ്പും ചെയ്യാൻ പാർട്ടിയുടെ ജനറൽ കൗൺസിൽ ഈ സബ്കമ്മറ്റിയെയാണ് അധികാരപ്പെടുത്തിയിട്ടുള്ളതു്.

പാർട്ടി സ്ഥാനാർത്ഥികളുമായി മസാനി കൂടിക്കാഴ്ച നടത്തുന്നതായിരിക്കും. റിബൽ കോൺഗ്രസ്സ്, ഇടതുപക്ഷ കമ്മ്യൂണിസ്റ്റ്, എസ് എസ് പി എന്നീ പാർട്ടികളുമായി ലീഗ് പ്രശ്നത്തിലെപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാൽ അവരുമായി ഒരു ധാരണ ഉണ്ടാക്കാൻ സ്വതന്ത്രാപാർട്ടിക്ക് സാധ്യമല്ലെന്നു് സ്വതന്ത്രാപാർട്ടി കേരളശാഖാ ജനറൽ സെക്രട്ടറി കെ മാധവമേനോൻ അറിയിച്ചു.

## പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുത്തു

(പി ടി ഐ) എറണാകുളം ജനു. 28

പാലക്കാട് ഗവണ്മെണ്ടു വിക്ടോറിയാ കോളജിൽനിന്നും പുറത്താക്കപ്പെട്ട 9 വിദ്യാർത്ഥികളെ കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന റിട്ട് പെറ്റീഷൻ, ഇവ വിദ്യാർത്ഥികളെ തിരിച്ചെടുക്കാമെന്ന പ്രിൻസിപ്പാൾ സമ്മതിച്ചതിനെത്തുടർന്ന് ജസ്റ്റിസ് പി ഗോവിന്ദൻനായർ ഈ നിലയിൽ തീർത്തിരിക്കുന്നു.

പെരുമാറ്റദൂഷ്യവും, അച്ചടക്കരാഹിത്യവുമാണ് ഈ വിദ്യാർത്ഥികളിൽ പ്രിൻസിപ്പാൾ ആരോപിച്ചിരുന്ന കാര്യങ്ങൾ.

## നല്ല കാര്യം!

സ്വ. ലേ. എറണാകുളം ജനു. 28

ഇതുവരെ, കോൺഗ്രസ്സ് പ്രസിഡണ്ട് കുമരൻ കേരളത്തിലെ തിരഞ്ഞെടുപ്പിന്റെ മുമ്പത്തെ ഏഴാഴ്ചത്തെ പര്യടനത്തിനായിരിക്കുന്നതായി അധ്യാപകർക്ക് 15 മാസവും, എല്ലാവർക്കും അധ്യാപകന്മാർക്ക് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ കോഴ്സുകളുടെ കാലാവധിക്ക് പുറമേ രണ്ടു ടേം കൂടിയും അയിരിക്കണം, ഇതിനു് അധ്യാപകരിൽ നിന്നു് യാതൊരു ട്യൂഷൻഫീസും വസൂലാക്കരുതെന്നില്ലെന്നു പാഠനസംഘം ശിപാർശ ചെയ്തിരിക്കുന്നു.

---

## പകൽകൊള്ളക്കാർക്ക് കണക്കിന് കിട്ടി

[പി ടി ഐ] ന്യൂഡൽഹി ജ:28

നഗരത്തിലെ ഭക്ഷ്യധാന്യ വ്യാപാരികളിൽനിന്ന് 10ലക്ഷം ഉറുപ്പികയുടെ കറൻസിയും, ആഭരണങ്ങളും കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ കേന്ദ്ര രഹസ്യപ്പോലീസുകാർ പിടിച്ചെടുത്തിരിക്കുന്നു. പണം ഒഴുകാത്തതുകൊണ്ടാണ് ഭക്ഷ്യധാന്യങ്ങളുടെ വില കൊടുന്നനെ കുത്തനെ റിപ്പോർട്ടുകളുമുണ്ടായി ഇന്നു പുറപ്പെടുവിച്ച ഒരു പത്രക്കുറിപ്പിൽ ധനകാര്യവകുപ്പു് അറിയിച്ചു.

## രത്നങ്ങളും കാർസിയും പിടിച്ചെടുത്തു

(പി ടി ഐ) കൽക്കത്ത ജ: 28

നഗരത്തിലെ ഒരു പ്രമുഖ വ്യവസായിയുടെ വസതിയിൽനിന്ന് ഒരുലക്ഷം ഉറുപ്പികയിലേറെ വിലവരുന്ന രത്നങ്ങളും, 7,000 ഉറുപ്പികയും കസ്റ്റംസ് അധികൃതർ പിടിച്ചെടുത്തതായി ഇവിടെ പ്രസ്താവിക്കപ്പെട്ടു.

---

## കെയിറോ പ്രഖ്യാപനങ്ങൾ പ്രായോഗികമാകണം

[പി ടി ഐ] ന്യൂഡൽഹി, ജനു 28

കെയിറോ സമ്മേളനതീരുമാനങ്ങളുടെ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനു് പേരിചേരാരാഷ്ട്രങ്ങൾതമ്മിൽ കൂടിയാലോചനകൾ നടത്തുന്നതിനെപ്പറ്റി പ്രധാനമന്ത്രി ശാസ്ത്രി അഭിപ്രായപ്പെട്ടിരിക്കുന്നു.

കെയിറോ സമ്മേളനത്തിന്റെ പ്രധാനപ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതതലത്തിൽ കൂടിയാലോചനകൾ നടത്തുന്നതിനെപ്പറ്റി പ്രധാനമന്ത്രി ശാസ്ത്രി അഭിപ്രായപ്പെട്ടു.

---

## ഇനിയും കൂടുതൽ കർട്ടി നാളുമാർ ഉണ്ടായേക്കും

ന്യൂഡൽഹി, ജനു. 28

വത്തിക്കാൻ സിറ്റി, ജനു. 28

വത്തിക്കാൻ കൌൺസിൽ അവസാനിച്ചതിനുശേഷം തൻറ കൂടുതൽ കർട്ടിനാളുമാരെ നിയമിക്കുന്നതു പോപ്പ് പോൾ മാപ്പാപ്പ പ്രഖ്യാപിച്ചു.

കഴിഞ്ഞ തിങ്കളാഴ്ച തിരുമേനി 27 പുതിയ കർദ്ദിനാളുമാരെ നിയമിച്ചു. സഭയുടെ ചരിത്രത്തിൽ ഏറ്റവുമധികം കർദ്ദിനാളുമാർ ഇതോടെ ഉണ്ടായിരിക്കുന്നു. ഇപ്പോൾ ഉള്ള 103 കർദ്ദിനാളുമാരിൽ 32 പേർ മാത്രമേ ഇറ്റാലിക്കാരായുള്ളൂ. ഇതുവരെ ഉണ്ടായിരുന്ന നില നോക്കുമ്പോൾ ഇതേറെവും കുറഞ്ഞ ഒരു ശതമാനമാണ്. സഭയുടെ കേന്ദ്രഗവണ്മെണ്ടിൽ ഇറ്റാലിക്കാർക്കുള്ള മേധാവിത്വത്തെ വത്തിക്കാൻ കൌൺസിലിൽ സംബന്ധിച്ചിരുന്ന മെത്രാന്മാർ ചോദ്യം ചെയ്തിരുന്നു.

---

## ടെയിനിംഗ് കോളേജിൽ കറസ്പോണ്ടൻസ് കോഴ്സുകൾ പഠനസംഘം റിപ്പോർട്ടു സമർപ്പിച്ചു

ന്യൂഡൽഹി, ജ 27

പ്രൈമറി സ്കൂളുകളിലേയും സെക്കണ്ടറി സ്കൂളുകളിലേയും അധ്യാപക്ക്കന്മാർക്കിടയിൽപരമായ വിദ്യാഭ്യാസം നൽകുന്നതിനു് കറസ്പോണ്ടൻസ് കോഴ്സുകൾ ഏർപ്പെടുത്തുന്നതിൻറെ ആശാസ്യത പരിശോധിക്കുവാൻ ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൌൺസിലിൻറെ ജോയിൻറ് ഡയറക്ടർ ശ്രീ രാജാ റോയ് സിങ്കിൻറെ അദ്ധ്യക്ഷതയിൽ കൌൺസിൽ നിയമിച്ച പഠനസംഘം റിപ്പോർട്ടു് സമർപ്പിച്ചിരിക്കുന്നു. ഇത്തരം കോഴ്സുകൾ നടപ്പാക്കണമെന്നും സംഘം ശക്തിയായി ശുപാർശ ചെയ്തിട്ടുണ്ടു്.

ഇത്തരം കോഴ്സുകൾ ഫലപ്രദമാകുന്നതിനുപോലും വേണ്ടവിധം സംഘടിപ്പിക്കുന്നതായാൽ ലാഭകരവുമായിരിക്കുമെന്നും പഠനസംഘം അഭിപ്രായപ്പെടുന്നു.

ഈ കോഴ്സുകളുടെ സഹകരണം ആദ്യമായി സ്വീസിലിരിക്കുന്ന പരിശീലനം പൂർത്തിയാക്കാത്ത അധ്യാപകർക്ക് ലഭ്യമാക്കുവാൻ പഠനസംഘം ശിപാർശ ചെയ്തിരിക്കുന്നു. മൂന്നുപരീക്ഷയുടെ അവസാനത്തിൽ പരിശീലനം ലഭിക്കാത്ത അഞ്ചു ലക്ഷത്തോളം അധ്യാപകരുണ്ടായിരിക്കും. ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിൽ ഏറ്റവും നല്ല ഉപാധി കറസ്പോണ്ടൻസ് കോഴ്സുകളായിരിക്കുമെന്നു് സംഘം അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ഇത്തരം കോഴ്സുകൾ ആദ്യമായി ഒന്നോ രണ്ടോ സർവ്വകലാശാലകളിൽ സംഘടിപ്പിക്കേണ്ടതാണു്. ഇതിനാവശ്യമായ ധനം കേന്ദ്ര ഉത്തരവാദിത്വം സർവ്വകലാശാലയിൽ ഇതിനുവേണ്ടി രൂപവൽക്കരിക്കുന്ന വകുപ്പിനെ ഏല്പിക്കുകയും വേണം.

ഈ കോഴ്സുകളുടെ കാലാവധി ഫയർ സെക്കണ്ടറി അദ്ധ്യാപകന്മാർക്ക് 15 മാസവും, എലിമെണ്ടറി അദ്ധ്യാപകന്മാർക്ക് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ കോഴ്സുകളുടെ കാലാവധിക്ക് പുറമേ രണ്ടു ടേം കൂടിയും ആയിരിക്കണം, ഇതിനു് അദ്ധ്യാപകരിൽ നിന്നു് യാതൊരു ട്യൂഷൻഫീസും വസൂലാക്കരുതെന്നില്ലെന്നു പഠനസംഘം ശിപാർശ ചെയ്തിരിക്കുന്നു.

---

## ടെയിനിംഗ് കോളേജിൽ കറസ്പോണ്ടൻസ് കോഴ്സുകൾ പഠനസംഘം റിപ്പോർട്ടു സമർപ്പിച്ചു

ന്യൂഡൽഹി, ജ 27

പ്രൈമറി സ്കൂളുകളിലേയും സെക്കണ്ടറി സ്കൂളുകളിലേയും അധ്യാപക്ക്കന്മാർക്കിടയിൽപരമായ വിദ്യാഭ്യാസം നൽകുന്നതിനു് കറസ്പോണ്ടൻസ് കോഴ്സുകൾ ഏർപ്പെടുത്തുന്നതിൻറെ ആശാസ്യത പരിശോധിക്കുവാൻ ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൌൺസിലിൻറെ ജോയിൻറ് ഡയറക്ടർ ശ്രീ രാജാ റോയ് സിങ്കിൻറെ അദ്ധ്യക്ഷതയിൽ കൌൺസിൽ നിയമിച്ച പഠനസംഘം റിപ്പോർട്ടു് സമർപ്പിച്ചിരിക്കുന്നു. ഇത്തരം കോഴ്സുകൾ നടപ്പാക്കണമെന്നും സംഘം ശക്തിയായി ശുപാർശ ചെയ്തിട്ടുണ്ടു്.


ഇത്തരം കോഴ്സുകൾ ഫലപ്രദമാകുന്നതിനുപോലും വേണ്ടവിധം സംഘടിപ്പിക്കുന്നതായാൽ ലാഭകരവുമായിരിക്കുമെന്നും പഠനസംഘം അഭിപ്രായപ്പെടുന്നു.

ഈ കോഴ്സുകളുടെ സഹകരണം ആദ്യമായി സ്വീസിലിരിക്കുന്ന പരിശീലനം പൂർത്തിയാക്കാത്ത അധ്യാപകർക്ക് ലഭ്യമാക്കുവാൻ പഠനസംഘം ശിപാർശ ചെയ്തിരിക്കുന്നു. മൂന്നുപരീക്ഷയുടെ അവസാനത്തിൽ പരിശീലനം ലഭിക്കാത്ത അഞ്ചു ലക്ഷത്തോളം അധ്യാപകരുണ്ടായിരിക്കും. ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിൽ ഏറ്റവും നല്ല ഉപാധി കറസ്പോണ്ടൻസ് കോഴ്സുകളായിരിക്കുമെന്നു് സംഘം അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ഇത്തരം കോഴ്സുകൾ ആദ്യമായി ഒന്നോ രണ്ടോ സർവ്വകലാശാലകളിൽ സംഘടിപ്പിക്കേണ്ടതാണു്. ഇതിനാവശ്യമായ ധനം കേന്ദ്ര ഉത്തരവാദിത്വം സർവ്വകലാശാലയിൽ ഇതിനുവേണ്ടി രൂപവൽക്കരിക്കുന്ന വകുപ്പിനെ ഏല്പിക്കുകയും വേണം.

ഈ കോഴ്സുകളുടെ കാലാവധി ഫയർ സെക്കണ്ടറി അദ്ധ്യാപകന്മാർക്ക് 15 മാസവും, എലിമെണ്ടറി അദ്ധ്യാപകന്മാർക്ക് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ കോഴ്സുകളുടെ കാലാവധിക്ക് പുറമേ രണ്ടു ടേം കൂടിയും ആയിരിക്കണം, ഇതിനു് അദ്ധ്യാപകരിൽ നിന്നു് യാതൊരു ട്യൂഷൻഫീസും വസൂലാക്കരുതെന്നില്ലെന്നു പഠനസംഘം ശിപാർശ ചെയ്തിരിക്കുന്നു.

---



ടിച്ചർസ്സ്വം ഓഫ് ജോർട്ടസ്സ്ൻറെ ഫോട്ടോഗ്രാഫിയുടെ ആദിമുഖത്തിൽ 1965 ജനുവരി 23-ാം തിയ്യതി തൃശ്ശൂർ ടൌൺഹാളിൽവെച്ച് 8 മുതൽ 18 വയസ്സ് വരെയുള്ള വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു വേണ്ടി നടത്തപ്പെട്ട ചിത്രരചനാമത്സരത്തിൽ പങ്കെടുത്ത കുട്ടികളിൽ സെക്ഷൻ ബി യിൽ ജസ്റ്റ് ശ്രീ പി. എ. ഉമ്മറാണ് ബാലചിത്ര രചനാ മത്സരം ഉൽഘാടനം ചെയ്തത്. മത്സരത്തിൽ 1960 കുട്ടികൾ പങ്കെടുത്തു.

# കൂടുതൽ വെളിച്ചംകിട്ടുമ്പോൾ താനേ നിലയ്ക്കും

## ഹിന്ദിവിരുദ്ധപ്രക്ഷോഭണത്തെപ്പറ്റി അഭ്യന്തരമന്ത്രി നന്ദ

(പി ടി ഐ) ന്യൂഡൽഹി, ജനുവരി 27

**ഹിന്ദിയുടെ ഔദ്യോഗികമായ ഉപയോഗം സംബന്ധിച്ച് ഇന്നലെ മുതൽ നടപ്പിൽവന്ന ഭരണഘടനാവ്യവസ്ഥ അനുസരിച്ചുകൊണ്ടുതന്നെ ഹിന്ദിവിരുദ്ധപ്രക്ഷോഭണത്തിനു് അയവുണ്ടാകുമെന്നും കേന്ദ്ര അഭ്യന്തരമന്ത്രി നന്ദ ഇന്നു് പ്രസ്താവിച്ചിരിക്കുന്നു.**

ഇന്നലെ മുതൽ നടപ്പിൽവന്ന ഭരണഘടനാവ്യവസ്ഥ അനുസരിച്ചുകൊണ്ടുതന്നെ ഹിന്ദിവിരുദ്ധപ്രക്ഷോഭണത്തിനു് അയവുണ്ടാകുമെന്നും കേന്ദ്ര അഭ്യന്തരമന്ത്രി നന്ദ ഇന്നു് പ്രസ്താവിച്ചിരിക്കുന്നു.

ഇംഗ്ലീഷിനു പകരം ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതിനെതിരെ ഇപ്പോൾ നടന്നുവരുന്ന പ്രക്ഷോഭണത്തിനു് അയവുണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നതായി നന്ദ പറഞ്ഞു.

ഇതുവരെ മദിരാശിയിൽവച്ചു് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളെ നന്ദ അനുസ്മരിച്ചു എന്തുതന്നെ ചെയ്യിരുന്നാലും അതു് അഹിന്ദിസംസ്ഥാനങ്ങളുടെ ഏകകണ്ഠമായ സമ്മതത്തിനുശേഷമേ ചെയ്യുകയുള്ളൂ.

ഡി.എം.കെ.യുടെ ആഭിമുഖ്യത്തിലുള്ള ഹിന്ദിവിരുദ്ധ പ്രക്ഷോഭണത്തെ സംബന്ധിച്ച് മദിരാശി സംസ്ഥാനത്തുള്ള സ്ഥിതിഗതികളെപ്പറ്റിനന്ദ പ്രധാനമന്ത്രി ശാസ്ത്രിയേയും സഹമന്ത്രിമാരേയും ധരിപ്പിക്കുകയുണ്ടായി. മദിരാശി മുഖ്യമന്ത്രി ഭക്തവത്സലവുമായി നന്ദ നിരന്തരം സമ്പർക്കത്തിലാണിപ്പോൾ. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്ന് ഒടുവിൽ ലഭിച്ച റിപ്പോർട്ടുകളിൽ കാണുന്നു.

കേന്ദ്ര ഭക്ഷ്യമന്ത്രി സി. സുബ്രഹ്മണ്യവും ഇന്നു് ശാസ്ത്രിയെ കാണുകയുണ്ടായി. പിന്നീടദ്ദേഹം നന്ദയെ സന്ദർശിച്ചു.

ഏതാനും തെറ്റിദ്ധാരണയെ അടിസ്ഥാനമാക്കിയുള്ളതാണ് ഇപ്പോഴത്തെ ഈ പ്രക്ഷോഭണമെന്നു് നന്ദ പറഞ്ഞു. ഇതുവരെയായി ഒരു ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞിരിക്കുന്നതിനാൽ അവരുമായി ഒരു ധാരണ ഉണ്ടാക്കാൻ സ്വതന്ത്രാപാർട്ടിക്ക് സാധ്യമല്ലെന്നു് സ്വതന്ത്രാപാർട്ടി കേരളശാഖാ ജനറൽ സെക്രട്ടറി കെ മാധവമേനോൻ അറിയിച്ചു.

---

## ഫോർവേർഡ് ബ്ലോക്ക് 20-ൽപരം സീറ്റുകളിൽ മത്സരിക്കും

(പി. ടി. ഐ) കൊല്ലം, ജനു 28

അടുത്തുവരുന്ന കേരളാ തിരഞ്ഞെടുപ്പിൽ ഫോർവേഡ് ബ്ലോക്ക് 20മുതൽ 25 വരെ സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കുന്നതാണെന്നു് അഖിലേന്ത്യാ ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി ആർ. കെ. ഫർഡൽക്കർ ഇന്നലെ യിവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

പാർട്ടിയുടെ സംസ്ഥാനസമ്മേളനം കൊല്ലത്തുവെച്ചു് ഇന്നലെ ആരംഭിച്ചതിനുശേഷം പത്രലേഖകരോടു സംസാരിക്കുകയായിരുന്നു ഫർഡൽക്കർ.

പാർട്ടിയുടെ സംസ്ഥാനസെക്രട്ടറി കെ. എം. മുഹമ്മദുഷ്മീർ കൊല്ലംജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നു മത്സരിക്കുന്നതാണു്. ജനുവരി 3-നു് നടക്കുന്ന പാർട്ടിയുടെ സംസ്ഥാനകൺവെൻഷനുശേഷം സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കമ്മ്യൂണിസ്റ്റേതരവും കോൺഗ്രസ്സേതരവുമായ ഒരു ജനകീയമുന്നണിയാണ് തങ്ങളുടെ ലക്ഷ്യമെന്നു ഫർഡൽക്കർ പ്രഖ്യാപിച്ചു.

---

## പാക്കു് വാദങ്ങൾ തട്ടിപ്പാണു്

### ട്രൂട്ടോക്കു് ചക്രവർത്തിയുടെ മറുപടി

(പി ടി ഐ)

ഐക്യരാഷ്ട്രസംഘടനാ ആസ്ഥാനം, ജനു. 28

**സ്വയം നിർണ്ണയാവകാശത്തെപ്പറ്റി മറുപടിപറയേണ്ടവരോടു് പ്രസംഗിക്കുന്നതിനുമുമ്പായി കിഴക്കൻ പാക്കിസ്ഥാനിലും, ബലൂചിസ്ഥാനിലും, പാക്കുപട്ടാളം നിഷ്ഠൂരമായി കൊന്നൊടുക്കിയ ലക്ഷക്കണക്കിനു് നിരപരാധികളുടെ ആത്മാക്കളോടു് ഇന്ത്യൻ പ്രതിനിധി ചകുവർത്തി പാക്കു് വിദേശകാര്യമന്ത്രി ട്രൂട്ടോയ്ക്കു് ഉപദേശിച്ചിരിക്കുന്നു.**

ട്രൂട്ടോയുടെ പ്രസംഗത്തിനു് മറുപടി പറയുകയായിരുന്നു ചകുവർത്തി.

താൻ ഉന്നയിച്ച പല കാര്യങ്ങൾക്കും ട്രൂട്ടോ മറുപടി പറഞ്ഞിട്ടില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി. പഴയ പൊങ്ങച്ചങ്ങൾ തന്നെയാണ് കാഷ്മീരിനെ സംബന്ധിച്ച് പാക്കു് പ്രതിനിധി നടത്തുന്നതു്. ഇന്ത്യക്കും, ഇന്ത്യോ-ഏഷ്യൻ രാഷ്ട്രങ്ങൾക്കും തമ്മിൽ ഒരു വിടവുണ്ടാക്കുവാനാണ് പാക്കിസ്ഥാൻ ശ്രമിക്കുന്നതു്; ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആയുധമത്സരം സൃഷ്ടിച്ചതു് പാക്കിസ്ഥാനാണ്. ഇന്ത്യയല്ല, ഭൂമിശാസ്ത്രപരിപാടികൾ അനുവദിക്കുന്നതു്; ചൈനീസ് അണുസ്ഫോടനത്തിൻറെ പ്രത്യാഘാതങ്ങളെ വെള്ളപൂശിച്ചു് കാണിക്കുവാൻ ശ്രമിക്കുന്നതു് പാക്കിസ്ഥാനാണ്. ഇതെല്ലാം കാഷ്മീരിനെ സംബന്ധിക്കുന്ന താൻ പറഞ്ഞിരുന്ന അതിനെന്നും യാതൊരു മറുപടിയും ട്രൂട്ടോയിൽനിന്നു് കിട്ടിയിട്ടില്ല.

കാഷ്മീരിനെ സംബന്ധിക്കുന്ന പാക്കിസ്ഥാൻറെ പഴകിയ വാദങ്ങൾക്കു് ഇന്ത്യ പലപ്പോഴും മറുപടി പറഞ്ഞിട്ടുണ്ടു്. പാക്കിസ്ഥാൻ ഇന്ത്യയെ ആക്രമിച്ചിട്ടില്ലെന്നു് ട്രൂട്ടോ പറയുന്നു. അതു് ശരിയല്ല. ജമ്മു കാഷ്മീരിൻറെ അതിനിർണ്ണായകമായ പകുതിയിലധികം പാക്കിസ്ഥാൻ ലംഘിക്കുകയും, 3200 ചതുരശ്ര നാഴിക അന്യായമായി ഇപ്പോൾ കൈവശം വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതാണ് വാസ്തവം.

....

## ഇറാനിലെ പുതിയ പ്രധാനമന്ത്രി

(റോയിട്ടർ) തെഹ്റാൻ ജ: 27

ആഭ്യന്തരമന്ത്രിയും മുമ്പു് വെടിയേറ്റ് ഇന്നലെ അന്തരിച്ച ഇറാൻ പ്രധാനമന്ത്രി ഹസ്സൻ അലിമൻസൂറിൻറെ സ്ഥാനത്തു് അമീർ അബ്ബാസ് ഹൊവീദയെ പ്രധാനമന്ത്രിയായി നിയമിച്ചിരിക്കുന്നു.

ഹൊവീദ ഒരു മുൻ ധനകാര്യമന്ത്രിയാണ്. മൻസൂർ മരണമടയുമ്പോൾ തൽസ്ഥാനത്തേക്കു് ഹൊവീദ നിശ്ചയിക്കപ്പെടുമെന്നു് ഏവരും കരുതിയിരുന്നതായിരുന്നു.

---

## വിദ്യുച്ഛക്തി വികസനത്തിനു് കേരളത്തിൽ ഒരു ദശവൽ സരപദ്ധതിവേണമെന്നു് രംഗനാഥൻ

[പി ടി ഐ] ജനു 28

കേരളത്തിലെ വിദ്യുച്ഛക്തി വികസനത്തിനു് ഒരു ദശവത്സരപദ്ധതി ആവശ്യമാണെന്നു് പ്ലാനിങ്ങ് കമ്മീഷൻഡപ്യൂട്ടി ചെയർമാൻ ഇന്നു് കോട്ടയം സാമ്പത്തിക സെമിനാറിൽ പ്രസ്താവിച്ചു. അത്തരത്തിലുള്ള പദ്ധതികളുടെയും ബന്ധിപ്പുകളുടെയും വ്യവസായവല്ക്കരണത്തിനു് വഴിതെളിയിക്കുന്ന ഒരു നിർണ്ണായകഘട്ടമായിരിക്കും.

ഹൈഡൽപദ്ധതികളാണ് തത്കാലം പദ്ധതികളുടെയും നല്ലതെന്നും അദ്ദേഹം പറയുകയുണ്ടായി. സംസ്

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ മേശയിൽ 155

1965 ജനുവരി 29–നു വെള്ളി

## കേരളം കർത്തവ്യം നിർവ്വഹിക്കണം

മകരക്കൊയ്ത്തിന്റെ മുഖ്യഭാഗത്തിലും കേരളം ഭക്ഷ്യക്ഷാമത്തിൽ നട്ടംതിരിയുകയാണ്. 'കോഴിമഠ'ത്തിൽനിന്നും പറയത്തക്ക ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ഒരു പറ നെല്ലിന്നു ഇന്നും ആദ്യം എഴും ശുദ്ധ കറ്റഞ്ചന്തയിൽ വില കൊടുക്കണം. അല്പം വേണ്ടതു കിട്ടുന്നില്ല. നെല്ലുള്ളവർ പൂഴ്ത്തിവെച്ച് കൊള്ളലാഭമടിക്കുന്ന രീതി നാടാകെ തുടർന്നുകൊണ്ടിരിക്കയാണ്. സാധാരണക്കാർ എല്ലും തോലുമായി പട്ടിണിയോട് പടവെട്ടുകതന്നെ. ഇതിനു കേരളത്തിലുണ്ടാകുന്ന നെല്ല് മുഴുവൻ തന്നെ നേരെ സപ്ലൈയിൽ വിതരണം ചെയ്യാൻ പോലും പിന്നെയും വളരെ ഏറെ നെല്ലും അരിയും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യേണ്ടതുണ്ട്. നാം എത്ര ശ്രമിച്ചാലും ഭക്ഷ്യക്കാര്യത്തിൽ സ്വയംപര്യാപ്തിയിലേക്കെത്തുന്നതിനു അധികമധികം പ്രയത്നം ആവശ്യമാണ്. അപ്പോൾ പുറത്തുനിന്നു അരി നിർല്ലോഭം ഇവിടെ ഇറക്കുമതി ചെയ്യണം. സ്വയംപര്യാപ്തതയുടെ മുദ്രാവാക്യങ്ങൾ മുഴക്കി മാത്രം കാര്യം കാണുമെന്നാണ് അധികാരി വർഗ്ഗം തിരുമാനിച്ചിരിക്കുന്നതെങ്കിൽ അതു നാടിനു ഗുണകരമാവുകയില്ല. ഭക്ഷ്യാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഇന്ത്യാഗവർമ്മെണ്ടിനും വലിയ ഉത്തരവാദിത്വമുണ്ടെന്നു മനസ്സിലാക്കുന്നതും കാര്യമാണ്. ഒരുവശത്തുള്ള ഭക്ഷണം തരണമെന്നു കേരളം ആവശ്യപ്പെട

# പരമാധികാര ഇന്ത്യയുടെ പിറന്നാളാഘോഷം

## വിവിധസ്ഥലങ്ങളിൽ ആർഭാടപൂർവ്വം ആചരിച്ചു

(സ്വ: ലേ: മാർ) തൃശ്ശൂർ ജനു: 28

നാടിന്റെ നാനാഭാഗങ്ങളിൽ ഇന്ത്യൻ റിപ്പബ്ളിക്ക് ദിനാഘോഷങ്ങൾ ആർഭാടപൂർവ്വം ആചരിച്ചതായി റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

### തൃശ്ശൂരിൽ റിപ്പബ്ളിക ദിനം അനാർഭാടമായി കൊണ്ടാടി

തൃശ്ശൂർ, ജനു. 27

റിപ്പബ്ലിക്ക് ദിനാഘോഷത്തോടനുബന്ധിച്ച് ഇന്നലെ രാവിലെ എട്ടുമണിക്ക് തേക്കിൻകാട്ട് മൈതാനത്തു ജില്ലാ കലക്ടരുടെ ചാർജ്ജ് വഹിക്കുന്ന ശ്രീ പി. കേളുകുട്ടിമേനോൻ പതാക ഉയർത്തുകയും സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം എൻ. സി. സി, ഹോംഗാർഡ്സ്, ഗേൾഗൈഡ്സ്, സായുധറിസർവ്വ് പോലീസ് എന്നിവരുടെ പരേഡും നടത്തപ്പെട്ടു. വൈകുന്നേരം 6 മണിക്ക് വിദ്യാർത്ഥികോർണ്ണറിൽ ചേർന്ന പൊതുയോഗത്തിൽ ശ്രീ. പി കേളുകുട്ടിമേനോൻ അദ്ധ്യക്ഷത വഹിച്ചു. ഒരു പരമാധികാര രാഷ്ട്രത്തിലെ പൗരന്മാരെന്ന നിലയിൽ രാഷ്ട്രത്തോടുള്ള കടമ നിർവ്വഹിക്കാനുള്ള പ്രതിജ്ഞ പുതുക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും ശ്രീ. കേളുകുട്ടിമേനോൻ ജനങ്ങളോടഭ്യർത്ഥിച്ചു. തുടർന്ന് കേരളവർമ്മ കോളേജ് പ്രിൻസിപ്പാൾ ശ്രീ. വി പി കണ്ണൻനായർ, സെൻറ്തോമാസ് കോളേജ് പ്രൊഫസർ ശ്രീ കെ. പി. ഉറമീസ്സ് എന്നിവർ പ്രസംഗിച്ചു. മുനിസിപ്പൽ ചെയർമാൻ സി. സി. ജോർജ്ജ് സ്വാഗതവും, മുനിസിപ്പൽ കമ്മീഷണർ, എ. വി. ദേവസ്സി കൃതജ്ഞതയും പറഞ്ഞു. പണ്ഡിററ്ജിയുടെ നിര്യാണംമൂലമുള്ള ദുഃഖത്തിന്റെ സൂചനയായി വളരെ അനാർഭാടമായാണ് ഈ വർഷത്തെ റിപ്പബ്ലിക്ക് ദിനാഘോഷപരിപാടികൾ നടത്തപ്പെട്ടത്.

ദേശീയ സമ്പാദ്യപദ്ധതിയിലേക്ക് ഏററവുംകൂടുതൽ പണംപിരിച്ച എ. നാരായണപിഷാരടിക്ക് ഈ യോഗത്തിൽ വെച്ചു ഒരു കപ്പും, സർട്ടിഫിക്കററും സമ്മാനിക്കുകയുണ്ടായി.

### സിവിൽ സ്റ്റേഷനിൽ

അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ ജില്ലാ കലക്ടരുടെ പേഴ്സണൽ അസിസ്റ്റൻറ് വി. നാരായണൻനായരുടെ അദ്ധ്യക്ഷതയിൽ കാലത്തു് ഒമ്പതരമണിക്ക് ഒരു പൊതുയോഗം ചേർന്നു. റിപ്പബ്ലിക്ക് ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ടി. കെ. ഡി. നായർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളും യോഗത്തോടനുബന്ധിച്ചുണ്ടായിരുന്നു. റിപ്പബ്ലിക്ക് ദിനാഘോഷം സംബന്ധിച്ചു നടത്തപ്പെട്ട കായികമത്സരങ്ങളിൽ വിജയികളായവർക്ക് ബിൽഡിങ്ങ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്. ഭാസ്കരയ്യർ സമ്മാനം നല്കി.

### പാലക്കാട്ട്

റിപ്പബ്ളിക്ദിനം പ്രമാണിച്ചു ഇന്നലെ രാവിലെ 8 മണിക്ക് കോട്ട മൈതാനിയിൽവച്ച് നടന്ന പരേഡിൽ അഡൈ്വസർ ശ്രീ ഗോവിന്ദനാരായൺ സല്യൂട്ട് സ്വീകരിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ നാട്ടിന്റെ അഭിമാനം കാത്തുരക്ഷിക്കേണ്ട നമ്മുടെ ചുമതലയെക്കുറിച്ചു ഓർമ്മിപ്പിച്ചു. അതിർത്തികളിൽ ഭീഷണി നിലവിലുള്ളേടത്തോളംകാലം നാം തികച്ചും ജാഗരൂകരായിരിക്കേണ്ടതുണ്ട്. തുടർന്ന് സ്പോർട്ട്സ് മത്സരങ്ങൾ ആരംഭിച്ചു

സ്പോർട്ട്സ് മത്സരങ്ങളിൽ പുരുഷന്മാർക്കുള്ള ചാമ്പ്യൻഷിപ്പ് കെ വിശ്വനാഥനും (ചിററൂർ) എ.സി. തോമസ് (പാലക്കാട്) 9 പോയിൻറുവീതം നേടി പങ്കിട്ടെടുത്തു. സ്ത്രീകൾക്കുള്ള മത്സരങ്ങളിൽ ഏററവും നല്ല താലൂക്കായി 48 പോയിൻറുനേടിയ പാലക്കാടും, പുരുഷന്മാർക്കുള്ള മത്സരങ്ങളിൽ 43 പോയിൻറുകൾ നേടിയ ഒററപ്പാലവും തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് നടന്ന എക്സിബിഷൻ ഫുട്ബോൾ മേച്ചിൽ ഡി എസ് പി ഇലവൻ 2 ഗോൾ കൂടുതലടിച്ച് കലക്ടേഴ്സ് ഇലവനെ പരാജയപ്പെടുത്തുകയുണ്ടായി.

വൈകുന്നേരം ചേർന്ന യോഗത്തിൽ പാലക്കാട്ട് ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡണ്ട് ശ്രീ കെ വാസുദേവൻ അദ്ധ്യക്ഷതവഹിക്കുകയും സർവ്വശ്രീ എൻ എസ് ഹരിഹരയ്യർ, എ സുന്നാസാഹിബ് സി ആർ വെങ്കിടരാമൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് യോഗാഭ്യാസപ്രകടനങ്ങളും പാലക്കാട്ടെ സ്ത്രീ വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ കലാപരിപാടികളുമുണ്ടായിരുന്നു.

ശ്രീ എ ഹസ്സൻകുട്ടി സ്വാഗതവും എ ഗോപാലമേനോൻ നന്ദി പ്രകടനവും നടത്തി

### ചാലക്കുടിയിൽ

റിപ്പബ്ളിക്ക് ദിനം പ്രമാണിച്ചു ഐ ടി ഐ യിൽ പ്രിൻസിപ്പൽ പി ജെ ഗോപാലമേനോനും, ആശുപത്രിയിൽ മെഡിക്കലാഫീസർ ഡോക്ടർ എ ഐ കുരിയനും, ബ്ളോക്കാഫീസർ ബി ഡി ഒ പി എസ് രവീന്ദ്രൻനായരും പതാക ഉയർത്തി

പഞ്ചായത്താഫീസിൽ എക്സിക്യൂട്ടീവാഫീസർ ശിവരാമപിള്ള പതാക ഉയർത്തി. പഞ്ചായത്തു് വകയായി, പഞ്ചായത്തതിർത്തിയിലെ എട്ട് വിദ്യാലയങ്ങളിലും മിഠായി വിതരണം നടത്തുകയുണ്ടായി.

### പരിയാരത്തു്

പരിയാരം ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ പി എസ് രാമയ്യർ പതാക ഉയർത്തി.

മററ് പല പൊതുസ്ഥാപനങ്ങളിലും പതാക ഉയർത്തൽ, മധുരപലഹാരവിതരണം എന്നിവയോടെ റിപ്പബ്ളിക്ക് ദിനമാഘോഷിക്കുകയുണ്ടായി

=o=

### 'പുതിയ മനുഷ്യൻ'

(സ്വ. ലേ) മാള ജനു. 26

ശ്രീ ഉമ്മച്ചൻഎടാട്ടുകാരന്റെ 'പുതിയ മനുഷ്യൻ' എന്ന നാടകത്തിന്റെ ഒരു പ്രാരംഭോൽഘാടനം റവ: ഫാ. ജി. സി വാഴൂർ നിർവ്വഹിച്ചിരിക്കുന്നു. പ്രസ്തുതനാടകം മാള മഹാത്മതിയേറേഴ്സ് തന്മയത്വത്തോടെ രംഗത്തു് അവതരിപ്പിച്ചു

....

## പാലക്കാട്ട് വാർത്തകൾ

(സ്വ ലേ) പാലക്കാട്ട്, ജനു 28

### സൂക്ഷ്മോപകരണശാല സ്ഥലമെടുപ്പ്

പുതുശ്ശേരി സൂക്ഷ്മോപകരണശാലയ്ക്കു് കേരള ഗവണ്മെണ്ട് അക്വയർ ചെയ്തിട്ടുള്ള സ്ഥലം ഏറെറടുക്കുന്നതിനായി കോട്ട ഇൻസ്ട്രുമെൻറേഷൻ ലിമിറററിന്റെ പ്രോജക്റ്റ് എൻജിനീയർ ശ്രീ. എസ്. ആദിമൂർത്തിഅയ്യർ ഫെബ്രുവരി 16-ാംനു- വൈകുന്നേരം കോട്ടവഴി പാലക്കാട്ട് എത്തുന്നതാണ്. 18-ാംനു-വരെ അദ്ദേഹം പാലക്കാട്ടു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തിയശേഷം മൈസൂരിലേക്കുപോകും.

### സന്ദർശനസമയം

പാലക്കാട്ട് ജില്ലാ വ്യവസായ ഓഫീസർ ഓഫീസിലുള്ള എല്ലാ ദിവസവും രാവിലെ പതിനൊന്നരമുതൽ പന്ത്രണ്ടുവരെ സന്ദർശകരെ സ്വീകരിക്കുന്നതായിരിക്കും.

### മദ്യനിരോധന ഉപദേശക സമിതി യോഗം

പാലക്കാട്ട് ജില്ലാ മദ്യനിരോധന ഉപദേശകസമിതിയുടെ ഒരു യോഗം ഇന്നലെ പൊന്നാനി താലൂക്കാഫീസിൽ വെച്ച് ജില്ലാ പോലീസ് സൂപ്രണ്ട് ശ്രീ. എം. കെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് ജില്ലയിലെ മദ്യനിരോധനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു. മദ്യനിരോധനം സംബന്ധിച്ചുള്ള പ്രചരണങ്ങൾക്കും നടത്തിപ്പിനും മററുമായി മഹിളാ സമാജങ്ങളുടെ സേവനംകൂടി പ്രയോജനപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചു. ഒരു പരീക്ഷണമെന്നനിലക്ക് അമ്പത്തോട്ട് ബ്ലോക്കിലെ മഹിളാ സമാജങ്ങളെ ഇതിനു് തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനം വിജയിക്കുകയാണെങ്കിൽ ജില്ലയിലെ മററ മഹിളാ സമാജങ്ങളെക്കൂടി ഈ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതായിരിക്കും. നിയമനിഷേധം കൂടുതൽ നടക്കുന്ന പ്രദേശങ്ങളിൽ തദ്ദേശവാസികളുടെ ഒരു പ്രത്യേകം കമ്മിററി ഏർപ്പെടുത്തി കുററാന്വേഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും യോഗം തീരുമാനിച്ചിട്ടുണ്ട്. ആലത്തൂർ സർക്കിളിൽപ്പെട്ട വടക്കേത്തറ വില്ലേജിൽ ഉടനെതന്നെ ഇത്തരം ഒരു കമ്മിററി രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. മുൻ യോഗതീരുമാനങ്ങൾ ഇതിനകം എത്രമാത്രം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതിനെപ്പററി പഠിച്ച് റിപ്പോർട്ടുചെയ്യുന്നതിനായി ജില്ലാ ഇൻഫർമേഷൻ ആഫീസർ കൺവീനറായും സർവ്വശ്രീ ജെ. പി. ഗോപാലൻ, ടി. എ. സോമചൂഡൻ, വ. പി. സി. തങ്ങൾ എന്നിവർ അംഗങ്ങളായുമുള്ള ഒരു സബ് കമ്മിററിയേയും യോഗം തിരഞ്ഞെടുത്തു.

### സഹകരണസ്റ്റോർ ഉൽഘാടനം ചെയ്തു

പാലക്കാട്ട് മൊത്ത വ്യാപാര ഉപഭോക്തൃ സംഘത്തിന്റെ ശാഖ കുന്നത്തൂർ മേഡിൽ പ്രസിഡണ്ട് ഡി. ആർ എസ് സഹസ്രനാമത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ചു് അഡ്വൈസർ ശ്രീ സുന്ദരേശമേനോൻ ബി. എ. ബി. എൽ ഇന്നലെ ഉൽഘാടനം ചെയ്തിരിക്കുന്നു. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്കു് നല്കാൻ വേണ്ടി മൊത്തവ്യാപാര സഹകരണ സംഘം പാലക്കാട്ട് തുറന്നിട്ടുള്ള പതിനഞ്ചാമത്തെ ശാഖയാണിതു്.

### കുഷ്ഠരോഗ നിവാരണദിനം

ഗാന്ധിജിയുടെ ചരമദിനമായ ജനുവരി 30-ാം കുഷ്ഠരോഗ നിവാരണദിനമായി ആചരിക്കുന്നതാണ്. ഇതു പ്രമാണിച്ച് പാലക്കാട്ട് ജില്ലാ ആശുപത്രിയിൽ വെച്ച് അന്നുകാലത്തു് 10 മണിയ്ക്ക് ഒരു യോഗം ചേരും, അന്നേ ദിവസം ജില്ലയിലെ നാനാഭാഗങ്ങളിലും ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രചാരണ യോഗങ്ങൾ ചേരുന്നതും രോഗനിവാരണത്തെപ്പററി വിദഗ്ദ്ധമായ ഭിഷഗ്വരന്മാർ സംസാരിക്കുന്നതുമായിരിക്കും.

### അഡൈ്വസർ ചന്ദനഗർ കോളനിയിൽ

അഡൈ്വസർ ശ്രീ ഗോവിന്ദ നാരായൺ ഇന്നലെ ചന്ദനഗർ കോ ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈററി നൽകിയ ഒരു സ്വീകരണത്തിൽ സംബന്ധിക്കുകയുണ്ടായി. സൊസൈററി പ്രസിഡണ്ട്ശ്രീ സി രാഘവൻ നായർ സ്വാഗത പ്രസംഗം നടത്തി.

അഡൈ്വസർ തന്റെ മറുപടി പ്രസംഗത്തിൽ ഗവണ്മെണ്ടിന്റെ സകല സഹായങ്ങളും സംഘത്തിനു് വാഗ്ദത്തം ചെയ്തു.

———

### നിര്യാണങ്ങൾ

(സ്വ ലേ) ചേർപ്പ്, ജ. 27

എരുകളം ആഗസ്തി തന്റെ 76-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനം മൂലം നിര്യാതനായിരിക്കുന്നു.

(സ്വ ലേ) ആളൂർ, ജനു. 27

സെൻറ് മേരീസ് ഹൈസ്കൂൾ ടീച്ചർ എ കെ. ജോസേപ്പിന്റേയും രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ ഹിന്ദി ടീച്ചർ സെലീനയുടേയും മാതാവ് ഏലൃ അന്തിക്കാട്ട് ഇന്നലെ നിര്യാതയായി. ശവസംസ്കാരം കേമമായി നടത്തപ്പെട്ടു. സാധുക്കൾക്ക് അന്നദാനം നൽകുകയുണ്ടായി.

# തലസ്ഥാന വാർത്തകൾ

(സ്വന്തം ലേഖകൻ) ജനുവരി, 27

1959ലെ പ്ലാന്റേഷൻസ് ലേബർ റൂൾസ് അനുസരിച്ച് വാർഷിക റിട്ടേൺസും അർദ്ധവാർഷിക റിട്ടേൺസും ഇതേവരെ സമർപ്പിച്ചിട്ടില്ലാത്ത തോട്ടമുടമകൾ 1965 ജനുവരി 31-ാംതീയതിക്കു മുമ്പായി അവ പ്ലാന്റേഷൻസ് ചീഫ് ഇൻസ്പെക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഇതിനു വീഴ്ചവരുത്തുന്ന തോട്ടമുടമകളുടെ പേരിൽ നിയമാനുസരണമായ നടപടികൾ സ്വീകരിക്കുന്നതാണ്.

#### തിരുവനന്തപുരം ജില്ലാ സ്പോർട്ട്സ് ഫെസ്റ്റിവൽ

ഒൻപതാമതു കേരള സ്പോർട്ട്സ് ഫെസ്റ്റിവലിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാടിസ്ഥാനത്തിൽ നടത്താനുദ്ദേശിക്കുന്ന കായികമത്സരങ്ങൾ 1965 ജനുവരി 29-ാംതീയതി സെൻട്രൽ സ്റ്റേഡിയത്തിൽവച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

#### സന്ദർശനസമയം

പൂജപ്പുര മെറേർണിററി ആശുപത്രി സൂപ്രണ്ട് എല്ലാ ആഫീസ് ദിവസങ്ങളിലും കാലത്തു് 10.30മണിക്കും 11.30മണിക്കും ഇടക്ക് ആഫീസിൽവച്ച് പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ സ്വീകരിക്കുന്നതാണ്.

#### പതാക താഴ്ത്തുന്നു

യശ:ശരീരനായ സർവിൻസ്റ്റൺ ചർച്ചിലിനോടുള്ള ബഹുമാനസൂചകമായി തിരുവനന്തപുരത്തെ എല്ലാ ഗവണ്മേണ്ട കെട്ടിടങ്ങളിലേയും ദേശീയ പതാകകൾ ജനുവരി 30-ാംതീയതി പകുതി താഴ്ത്തി പാറപ്പിക്കുവാൻ ഗവണ്മേണ്ട് ഉത്തരവായിരിക്കുന്നു. അന്നാണ് അദ്ദേഹത്തിന്റെ ശവസംസ്കാരകർമ്മം നടക്കുന്നതു്.

#### അസാധാരണഗസററ്

"രാഷ്ട്രപതിയുടെ നിയമനിർമ്മാണമെന്ന നിലയ്ക്കു് നിലവിൽവന്ന കേരള സംസ്ഥാന നിയമസഭ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം തുടരൽ നിയമം" ഇന്നിവിടെ അസാധാരണ ഗസററായി പ്രസിദ്ധീകരിച്ചിരിക്കുന്നു.

#### എസ്. എസ്. പി. പ്രവർത്തക സമ്മേളനം

തിരുവനന്തപുരം സിററിയിൽപ്പെട്ട നേമം, തിരുവനന്തപുരം ഒന്നു്, രണ്ടു് നിയോജകമണ്ഡലങ്ങളിലെ എസ്. എസ്. പി. പ്രവർത്തകരുടെയും വാർഡു സെക്രട്ടറിമാരുടെയും ഒരു സംയുക്തസമ്മേളനം ജനുവരി 31-ാംനു വൈകുന്നേരം 5 മണിക്ക് സിററി കമ്മിററി ആഫീസ്സിൽവച്ചു കൂടുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

....

### എളവള്ളി പഞ്ചായത്തു് ഗ്രന്ഥശാലാ സമിതി

പിററാട്ടുകര, ജനു. 28

എളവള്ളി പഞ്ചായത്തു് അതൃത്തിയിൽപ്പെട്ട അംഗീകൃത ഗ്രന്ഥശാലകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തു് ലെവൽ ഗ്രന്ഥശാലാ സമിതി വി. എസ്. രാമചന്ദ്രൻ പ്രസിഡണ്ടായും ആൻറണി വാഴപ്പിള്ളി സെക്രട്ടറിയായും രൂപീകരിച്ചിരിക്കുന്നു.

=0=

#### വെള്ളിക്കുളങ്ങര കൊലക്കേസ്

### രണ്ടാംപ്രതിയേയും പിടികിട്ടി

സ്വ ലേ ചാലക്കുടി, ജ 27

വെള്ളിക്കുളങ്ങര കൊലക്കേസിലെ 2-ാംപ്രതിയായ വടക്കഞ്ചേരി പൈലോസിനെ ഇന്നലെ ഉച്ചതിരിഞ്ഞ് സ്ഥലം പോലീസ് സർക്കിൾ ഇൻസ്പെക്ടറും, പാർട്ടിയും ചേർന്ന് അറസ്റ്റ് ചെയ്തു് ഇവിടെ കൊണ്ടുവന്നിരിക്കുന്നു.

മേലൂർ സ്വദേശിയാണ് പൈലോസ് 1-ാംപ്രതിയായ തോപ്പിൽ വേലു മകൻ സാരംഗനെ മിനിഞ്ഞാന്നു് രാത്രി എരിമയൂരിൽവച്ച് [ആലത്തൂർ] അറസ്റ്റ്ചെയ്തു ഇവിടെ കൊണ്ടുവന്നിരിക്കുന്നു.

സാരൻ പരിയാരം സ്വദേശിയാണ് എരിമയൂരിലൊരു ബന്ധുഗൃഹത്തിൽ താമസിക്കുകയായിരുന്നു കൃത്യത്തിനുപയോഗിച്ച ഒരു കഠാരിയും കണ്ടെടുത്തിട്ടുണ്ട്.

ജനുവരി 9-ാംനു- രാത്രിയാണ് കൊലക്കേസുണ്ടായതു്. പരിയാരം സ്വദേശിയായ കല്ലേലി ജോണി എന്ന യുവാവാണ് കൊല്ലപ്പെട്ടതു്.

—

### പിക്നിക് പാർട്ടിയുടെ ബസ്സുമുട്ടി ഒരാൾ കൊല്ലപ്പെട്ടു

[സ്വ ലേ] ചാലക്കുടി, ജ 27

മനിയാന്നു് രാത്രി കൊരട്ടിയിൽവച്ചു സെൻറ് ജോസഫ് മോട്ടോർ സർവ്വീസ്കാരുടെ ഒരു ബസ്സുമുട്ടി, തദ്ദേശവാസിയായ പുതിയേടത്തു് കളരിക്കൽ ചക്രപാണിക്കുറുപ്പ് (24) മരണമടഞ്ഞിരിക്കുന്നു. കൊച്ചിയിലേക്കുള്ള ഒരു വിനോദയാത്രപോയി തിരിച്ചുവരികയായിരുന്നു പ്രസ്തുത ബസ്സ്.

ഇന്നലെ ഉച്ചതിരിഞ്ഞ് മൃതദേഹം പോസ്റ്റുമാർട്ടം നടത്തിയശേഷം അവകാശികൾക്ക് വിട്ടുകൊടുത്തു.

.....

### ജനാധിപത്യവ്യവസ്ഥയ്ക്കു നിരക്കാത്ത തീരുമാനം

### ഇടക്കാലാശ്വാസത്തിൽ ലാസ്റ്റ് ഗ്രേഡുകാർക്ക് അതൃപ്തി

തൃശ്ശൂർ, ജനു. 28

ജനാധിപത്യ സമ്പ്രദായ വ്യവസ്ഥക്കു് ഒരിക്കലും യോജിക്കാത്ത തരത്തിൽ ഏററവും താണ വരുമാനക്കാരനു് ഏററവും കുറഞ്ഞ ഇടക്കാലാശ്വാസം അനുവദിച്ചുകൊണ്ടു പ്രഖ്യാപിച്ചിരിക്കുന്ന ഗവ: തീരുമാനത്തിൽ ഖേദം രേഖപ്പെടുത്തിക്കൊണ്ടും ഏററവും കൂടിയതും, കുറഞ്ഞതുമായ ശമ്പളത്തിന്റെ അന്തരം കുറയ്ക്കുന്നതിനു പകരം നാൾക്കുനാൾ വർദ്ധിപ്പിക്കുന്ന നയം മാററണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേരള ലോവർഗ്രേഡ് ഗവ: സർവൻസ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാക്കമ്മററിയുടേയും താലൂക്ക് ഭാരവാഹികളുടേയും അടിയന്തരയോഗം ഒരു പ്രമേയം മൂലം ഗവണ്മേണ്ടിനോട് അഭ്യർത്ഥിച്ചിരിക്കുന്നു. ഇന്നത്തെ വർദ്ധിച്ച ജീവിത ചിലവിനെ നേരിടുന്നതിനു് യാതൊരുതരത്തിലും മതിയാവാത്ത നാമമാത്രമായ ഇടക്കാലാശ്വാസവർദ്ധനവിൽ യോഗം ഖേദം പ്രകടിപ്പിച്ചു.

യോഗത്തിൽ ജനറൽ സിക്രട്ടറി ശ്രീ കെ. വി. സേതു അദ്ധ്യക്ഷതവഹിച്ചു 30000കയുടെ ഫണ്ടു് പിരിവ് ഊർജിതപ്പെടുത്തുന്നതിന്നും, 29-1-65നു ആചരിക്കുന്ന ഐക്യദാർഢ്യ ദിനം വിജയിപ്പിക്കുവാനും യോഗം തീരുമാനിച്ചു.

o--o

### ഐ. ടി. ഐ. ട്രേഡ് ടെസ്റ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

(സ്വ. ലേ) ചാലക്കുടി, ജനു. 27

സ്ഥലം ഐ ടി. ഐ യിൽനിന്നു് ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിലേക്ക് താഴെ പറയുന്നവരെ തിരഞ്ഞെടുത്തിരിക്കുന്നു.

കെ. എൽ. വിജയൻ, (മെഷീനിസ്റ്റ്) പി. ഒ. വർഗ്ഗീസ് (ടർണർ) ഇ. കൃഷ്ണൻകുട്ടി (ഫിററർ) സി. പീതാംബരൻ (ഫിററർ) കെ. പി. ബാലകൃഷ്ണൻ (വെൽഡർ) ജി ജെ. പൈലോസ് (ഇലക്ട്രീഷ്യൻ) എന്നിവരും, ഏററുമാനൂർ സെൻററിൽനിന്ന് കെ. സി. തോമാസ് (മെഷീനിസ്റ്റ്) കളമശ്ശേരി പോളി ടെക്നിക്കിൽനിന്നു് ടി. ഡി. ജോർജ്ജ് (മെഷീനിസ്റ്റ്) എന്നിവരേയും തിരഞ്ഞെടുത്തിരിക്കുന്നു.

ഐ. ടി.ഐ. യിലെ വിവിധ ട്രേഡുകളിലേക്കുള്ള ഇൻറർവ്യൂ ഇന്നു രാവിലെ മുതലാരംഭിച്ചിരിക്കുന്നു.

404 പേരെ സെലക്ട് ചെയ്യാനായി 1713 പേരെയാണിൻറർവ്യൂവിനു് വിളിച്ചിരിക്കുന്നതു്.

—

### കള്ളക്കള്ള് കേസ്സുകൾ

തൃശ്ശൂർ, ജനു 28

ഈ വർഷം ജനുവരി ആദ്യത്തെ രണ്ടാഴ്ചകളിലായി 66 മദ്യനിരോധന നിയമലംഘനക്കേസുകൾ, കണ്ടുപിടിക്കപ്പെട്ടതായി തൃശ്ശൂർ അസിസ്റ്റൻറ് എക്സൈസ് കമ്മീഷ്ണരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതിൽ വടക്കാഞ്ചേരി റെയ്ഞ്ചിൽ 5ഉം, കുന്നംകുളം റെയ്ഞ്ചിൽ 4 ഉം, പഴയന്നൂർ റെയ്ഞ്ചിൽ6ഉം, ചിററൂർറെയ്ഞ്ചിൽ16ഉം നെന്മാറ റെയ്ഞ്ചിൽ ഒന്നും, കൊടുങ്ങല്ലൂർ റേയ്ഞ്ചിൽ മൂന്നും, പാലക്കാട്ട് റെയിഞ്ചിൽ 15ഉം പെരിന്തൽമണ്ണ റെയിഞ്ചിൽ മൂന്നും, പൊന്നാനി റെയിഞ്ചിൽ മൂന്നും കേസുകളാണ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളതു്.

—

### ഇന്ത്യയിലെ സ്വിസ്സ് സ്ഥാനപതി

ന്യൂഡൽഹി, ജനു 28

ഇന്ത്യയിൽ സ്വിററ്സർലണ്ടിന്റെ സ്ഥാനപതിയായി ഡോ: ഒരെനെഹെസ്ലർ നിയമിതനായിരിക്കുന്നു. 1913-ൽ സെയിൻറ്ഗാളിൽ ജനിച്ച ഡോ: ഹെസ്ലർ ബേൺ, വിയന്ന, ജനീവ എന്നീ സർവ്വകലാശാലകളിൽ വിദ്യാഭ്യാസം നടത്തി നിയമത്തിൽ ഡോക്ടറേററ് സമ്പാദിച്ചശേഷം 1943-ൽ സ്വിററ്സർലണ്ട് ഗവണ്മേണ്ടിൽ ഡിപ്ലോമെണ്ടിൽ ഉദ്യോഗസ്ഥനായി. 1943 മുതൽ ബർലിനിലും, 1949 മുതൽ കെയ്റോയിലും, 1953 മുതൽ ബേണിലും, 1954 മുതൽ ലണ്ടനിലും സേവനമനുഷ്ഠിച്ചു. 1961-ൽ ബൊളീവിയയിൽ സ്വിററ്സർലണ്ടിന്റെ പ്രതിപുരുഷനായി നിയമിക്കപ്പെട്ട അദ്ദേഹമിപ്പോൾ പെറുവിൽ സ്വിസ്സ് സ്ഥാനപതിയാണ്.

-0-

### നാനാജി ദേശ്മുഖ് പാലക്കാട്ടേയ്ക്കു്

സ്വ ലേ പാലക്കാട്ട് ജനു. 28

കേരളത്തിൽ ജനസംഘത്തിന്റെ തിരഞ്ഞെടുപ്പുമേൽനോട്ടം വഹിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ശ്രീ നാനാജി ദേശ്മുഖ് നാളെ രാവിലെ കൊച്ചിൻ എക്സ്പ്രസ്സിൽ പാലക്കാട്ടെത്തുന്നതാണ്. രണ്ടുദിവസം അദ്ദേഹം പാലക്കാട്ട് ഉണ്ടാകും. ജനസംഘം മത്സരിക്കുന്ന എല്ലാ മണ്ഡലങ്ങളും അദ്ദേഹം സന്ദർശിക്കുന്നതായിരിക്കും. കോഴിക്കോട്ടുവെച്ചായിരിക്കും ജനസംഘത്തിന്റെ തിരഞ്ഞെടുപ്പു പ്രചരണോൽഘാടനകർമ്മം നിർവ്വഹിക്കപ്പെടുക.

—

### പത്താംതിയതിയും ഗിരിയും

തിരുവനന്തപുരം, ജനു: 28

പത്താംതിയതിയും ഗവർണ്ണർ ശ്രീ. വി വി ഗിരിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുമായി ഒരു അഭേദ്യമായ ബന്ധം അത്ഭുതകരമായ നിലയിൽ കാണാനുണ്ട്.

അദ്ദേഹം ഭൂജാതനായതു് ഒരു പത്താം തീയതിയായിരുന്നു. ഉത്തർപ്രദേശ് ഗവർണ്ണറായതു് മറെറാരു പത്താംതിയതിയാണ്. ഇപ്പോൾ മൈസൂർ ഗവർണ്ണറായി ചാർജ്ജെടുക്കുന്നതും വേറൊരു പത്താംതിയതിയാണ് (ഫെബ്രുവരി 10-ാംനു-). (സ്വ ലേ)

### ജയ്പ്പൂരിൽ വിദേശ തപാലാഫീസിന്റെ സബ്ബ് ആഫീസ്

ന്യൂഡൽഹി ജനു. 28

വിദേശ തപാലാഫീസിന്റെ ഒരു സബ്ബ് എക്സ്ചേഞ്ച് ആഫീസ് 1965 ഫെബ്രുവരി 1 മുതൽ ജയ്പ്പൂരിൽപ്രവർത്തിച്ചു തുടങ്ങുന്നതാണ്. ജയ്പ്പൂർ ജനറൽ പോസ്റ്റ് ആഫീസിൽതന്നെയാണിതു സ്ഥാപിക്കുക.

....

### ഫ്രൻസ് അസോസിയേഷൻ

ചേലക്കോട്ടുകര ജനു. 27

ഇവിടുത്തെ കലാസ്നേഹികൾ ചേർന്ന് "ഫ്രൻസ്സ്" അസോസിയേഷൻ എന്നപേരിൽ ഒരു ക്ലബ്ബും പ്രവർത്തനമാരംഭിച്ചിരിക്കുന്നു. പ്രസിഡണ്ടായിവി.കെ. രാഘവനേയും സിക്രട്ടറിയായിവി. കെ. അന്തോണിയേയും തിരഞ്ഞെടുത്തു.

# ആയുർവ്വേദത്തെ മൂന്നാംകിടയിലേയ്ക്കു് തള്ളുന്നു

## 6 കൊല്ലത്തെ പരിശീലനത്തിനുശേഷം പുറത്തുവരുന്ന ഒരു ആയുർവ്വേദ വൈദ്യനു് ഒരു അപ്പർ ഡിവിഷൻ ക്ലാക്കിന്റെ ശമ്പളമാണു് കിട്ടുന്നതെന്നു്

[സ്വ. ലേ] ആലുവാ, ജനുവരി 27

ആയുർവ്വേദ വൈദ്യ സമ്പ്രദായത്തെ ഗവണ്മെൻറധികാരികൾ ഒരു മൂന്നാംകിട ചികിത്സാസമ്പ്രദായമായിട്ടേ അംഗീകരിക്കുന്നുള്ളുവെന്നും ഈ നില തുടർന്നാൽ മഹത്തായ ഈ പ്രസ്ഥാനം അനതിവിദൂരഭാവിയിൽ കേരളത്തിൽനിന്നും അന്തർദ്ധാനം ചെയ്യുമെന്നും കേരള സ്റ്റേററ് ഡിപ്പാർട്ടുമെൻറ് ഫിസിഷ്യൻസ് അസോസിയേഷൻ പ്രസിഡണ്ട് ഡോക്ടർ പി. ജി. നാരായണൻനായർ ഇവിടെ വെച്ച് പ്രസ്താവിച്ചിരിക്കുന്നു.

കേരളാ ഡിപ്പാർട്ടുമെൻറ് ഫിസിഷ്യൻസ് അസോസിയേഷന്റെ 3-ാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് സ്ഥലം ഹോട്ടൽ പാരഡൈസിൽവച്ച് നടത്തപ്പെട്ട പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഡോക്ടർ പി. ജി. എൻ. നായർ.

അദ്ദേഹം തുടർന്നു:-

കേവലം നാമമാത്രമായ ഡിസ്പെൻസറികളും വിരലിൽ എണ്ണാവുന്ന ആശുപത്രികളുമായി ആരംഭിച്ച ഈ ഡിപ്പാർട്ടുമെൻറ് ഇന്നു് ഒരു ഡയറക്ടറും ഒരു ഡെപ്യൂട്ടി ഡയറക്ടർ, 6 ഡിസ്ട്രിക്ട് ഓഫീസർമാരും, 37 ആശുപത്രികളും 208 ഡിസ്പെൻസറികളും 259 ഗ്രാൻറ ഇൻ എയിഡ് വൈദ്യശാലകളും ഉൾക്കൊള്ളുന്ന ഒരു വലിയ ഡിപ്പാർട്ടുമെൻറാണ്. ഹെൽത്തു് സർവ്വീസ് ഡിപ്പാർട്ടുമെൻറിനോടു് തുല്യപദവികൊടുത്തു് ഉയർത്തേണ്ട ഈ ഡിപ്പാർട്ടുമെൻറിനെ ഗവണ്മേണ്ട് ഇപ്പോഴും ഒരു മൈനർ ഡിപ്പാർട്ടുമെൻറായി വീക്ഷിക്കുന്നതു് ഖേദകരമാണു്.

അലോപ്പതി ഡോക്ടർമാർക്ക് 250-400 ശമ്പളനിരക്കും ഇൻഡിജീനസ് മെഡിസിൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്നവരും ഉദ്യോഗസ്ഥരുമായ ഹോമിയോ ഡോക്ടർമാർക്ക് 150-300 ശമ്പളനിരക്കുമുള്ളപ്പോൾ സ്കൂൾ ഫൈനൽ പാസ്സായശേഷം 5 കൊല്ലത്തെ കോളേജ് വിദ്യാഭ്യാസവും ഒരു കൊല്ലത്തെ പ്രായോഗികപരിശീലനവുംസിദ്ധിച്ച് സർവ്വീസിൽ പ്രവേശിക്കുന്ന ഒരു ആയുർവ്വേദ വൈദ്യനു് ലഭിക്കുന്നതു് ഒരു അപ്പർഡിവിഷൻ ക്ലാക്കിന്റെ ശമ്പളനിരക്കായ 100-250 മാത്രമാണ്. സംസ്ഥാനത്തെ മറെറല്ലാ കോളേജുകളിലും സീററില്ലാതെ വിദ്യാർത്ഥികൾ വിഷമിക്കുമ്പോൾ ആയുർവ്വേദ കോളേജുകളിൽ പഠിക്കുവാൻ കുട്ടികളില്ലാതെ വരുന്നതിന്റെ കാരണമിതാണ്. കണ്ണൂർ ആയുർവ്വേദ കോളേജ് പഠിക്കുവാൻ വിദ്യാർത്ഥികൾ ഇല്ലാത്തതിന്റെ പേരിൽ നിറുത്തൽ ചെയ്യേണ്ടതായിവന്നതു് കേരളീയർക്കാകമാനം അപമാനകരമാണ്. അലോപ്പതി ഡോക്ടർക്ക് നൽകുന്ന ശമ്പളനിരക്ക് ആയുർവ്വേദ വൈദ്യന്മാർക്കും നൽകുകയെന്നതാണ് നീതിയുക്തം.

ഈ ഡിപ്പാർട്ടുമെൻറിലുള്ള 90 ശതമാനം ആസ്പത്രികളും ഡിസ്പെൻസറികളും വാടകക്കെട്ടിടങ്ങളിലാണ് നടത്തി വരുന്നതു്. വൃത്തിഹീനങ്ങളും വേണ്ടത്ര സൗകര്യമില്ലാത്തവയുമാണ് മിക്ക കെട്ടിടങ്ങളും. ചില ഡിസ്പെൻസറികൾക്ക ഒരു മുറി മാത്രമാണുള്ളതു്. ഒരു ആസൂത്രിത പ്ലാനിംഗുവഴി ആയുർവ്വേദ ആശുപത്രികളും ഡിസ്പെൻസറികളും സർക്കാർ കെട്ടിടങ്ങളിലാക്കുകയെന്നതു് ഒരാവശ്യമാണ്.

ഒരു ഡിസ്പെൻസറിയിലെ സ്റ്റാഫ് ഒരു ഫിസിഷ്യനും, ഒരു കമ്പൗണ്ടറും ഒരു അററൻഡറുമാണ്. എന്നാൽ പല ഡിസ്പെൻസറികളിലുമിപ്പോൾ കമ്പൗണ്ടർമാരില്ല. ഇങ്ങനെയുള്ള ഡിസ്പെൻസറികളിൽ അററൻഡർ ലീവെടുത്താൽ [illegible] കാരന്റെ ജോലിമുതൽ രോഗനിർണ്ണയം ഔഷധവിതരണംവരെ ഫിസിഷ്യൻ തന്നെ നിർവ്വഹിക്കേണ്ടതായി വരുന്നു. ഈ ഗതികേടിൽനിന്നും രക്ഷപ്പെടണമെങ്കിൽ എല്ലാ ഡിസ്പെൻസറികളിലും ഒരു കമ്പൗണ്ടർ ക്ലാക്ക പ്യൂൺ എന്നിവ ഒരു കൂടുതലായി നിയമിക്കണം.

കുറെ വർഷങ്ങൾക്കുമുമ്പു് ഗവണ്മെൻറ് തയ്യാറാക്കിവച്ചിരിക്കുന്ന ഒരു ലിസ്റ്റ് അനുസരിച്ചുള്ള മരുന്നുകൾ മാത്രമാണ് ഇപ്പോഴും എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും വിതരണംചെയ്യുന്നതു്. രണ്ടുമൂന്നുവർഷങ്ങളായി ആ വർഷത്തേക്കു ലഭിക്കുന്ന മരുന്നുകൾ കഷ്ടിച്ചു് 2മാസത്തെ ആവശ്യത്തിനുമാത്രമേയുണ്ടാകുകയുള്ളു. ആ ഡിസ്പെൻസറിയിൽ ഒരു ദിവസം ലഭ്യമാകുന്നതു് ശരാശരി 10 രൂപായുടെ ഔഷധങ്ങൾ മാത്രമാണ്. ഇതിനാൽ ദിവസേന ആയുർവ്വേദ ആശുപത്രികളിലും, ഡിസ്പെൻസറികളിലും വരുന്ന നൂറുകണക്കിനു രോഗികളിലധികവും മരുന്നില്ലാത്തതിനാൽനിരാശയോടെ മടങ്ങേണ്ടതായി വരുന്നു.

ആവശ്യത്തിനുള്ള യാതൊരു റിക്കാർഡുകളും—രോഗികളെ ചികിത്സിക്കുന്ന വിവരങ്ങളെഴുതുവാനുള്ള രജിസ്റ്റർപോലും—മിക്ക ആയുർവ്വേദ ഡിസ്പെൻസറികളിലുമില്ലാ എന്നുള്ളതാണ് മററൊരു ശോച്യാവസ്ഥ.

ആധികാരികമായി ആയുർവ്വേദത്തെപ്പററി പറയുവാൻ കഴിവുള്ളവരും ബിരുദധാരികളുമാണ് സർവ്വീസിലുള്ളവർ എല്ലാംതന്നെ എന്നാൽ ആയുർവ്വേദവൈദ്യന്മാരുടെ മെഡിക്കൽ കൗൺസിൽ ഔഷധനിർമ്മാണക്കമ്മററി മുതലായവയിൽ ഒന്നുംതന്നെ ഡിപ്പാർട്ട്മെണ്ടിലെ വൈദ്യന്മാർക്ക് പ്രാതിനിധ്യമില്ല. ഇതിന്നു് ഗവണ്മെണ്ട് മുൻകൈ എടുക്കേണ്ടതാവശ്യമാണ്.

പത്രസമ്മേളനത്തിൽ അസോസിയേഷൻ സിക്രട്ടറിയും വാർഷിക സമ്മേളന കൺവീനറുമായ ശ്രീ കെ. വേലായുധനും സംബന്ധിച്ചു.

# അടുത്ത അസംബ്ളിയിൽ 36 ഈഴവ എം. എൽ. എ. മാരുണ്ടാകണം

## ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്ക് വോട്ടുനൽകണമെന്നു് എസ്സ്. എൻ. ഡി. പി. പറയില്ലെന്നു്

എറണാകുളം, ജനു. 27

ഈഴവർക്ക് അസംബ്ലിയിൽ മൊത്തം 36 സീററുണ്ടായിരിക്കണമെന്നും അതനുസരിച്ച് കോൺഗ്രസ്സും മററ് പാർട്ടികളും ഈഴവരെ സ്ഥാനാർത്ഥികളായി നിറുത്തേണ്ടതാണെന്നും എസ്സ്. എൻ. ഡി. പി ജനറൽ സെക്രട്ടറി ശ്രീ. എം കെ. രാഘവൻ ഒരഭിമുഖസംഭാഷണമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു.

ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്ക് വോട്ടുചെയ്യണമെന്നു എസ്സ്. എൻ. ഡി. പി പറയുന്നതല്ലെന്നും എസ്സ്. എൻ. ഡി. പി.ക്ക് രാഷ്ട്രീയമില്ലെന്നും അദ്ദേഹം പറഞ്ഞു. അതേ അവസരത്തിൽ ഈഴവർക്ക് മതിയായ പ്രാതിനിധ്യം നൽകുന്ന കാര്യത്തിൽ രാഷ്ട്രീയപാർട്ടികൾ ശ്രദ്ധിക്കുകയും വേണം. തിരഞ്ഞെടുപ്പിൽ ജയിച്ച് 36 ഈഴവ എം. എൽ. എ മാർ അസംബ്ലിയിൽ ഉണ്ടായിരിക്കണമെന്നതു് ഞങ്ങളുടെ അവകാശമാണെന്നും അദ്ദേഹം വ്യക്തമാക്കി.

എസ്സ്. എൻ. ഡി. പി. യുടെ ജനറൽ ബോഡിയോഗം ഫെബ്രുവരി 15-ാംനു- കൂടണമെന്നാണ് നേരത്തെ നിശ്ചയിച്ചിരുന്നതെങ്കിലും തിരഞ്ഞെടുപ്പ് പ്രമാണിച്ച് മാർച്ച് 2-ാം വാരത്തിലേക്ക് മാററിയിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്തു് സ്വകാര്യമാനേജ്മെൻറുകളെ ഏതെങ്കിലും പാർട്ടി നിരുത്സാഹപ്പെടുത്തുന്നയാൽ അതിനെ എതിർക്കുമെന്നും മി. രാഘവൻ പറഞ്ഞു. (ക ലേ)

—0—

### ശിശുവിനോദോത്സവം

കൊടകര ജനു: 27

സ്ഥലത്തെ ഗവ: നാഷണൽ ഹൈസ്കൂളിൽവച്ച്, ചാലക്കുടി സബ്ഡിസ്ട്രിക്ടിലെ വിവിധ സ്കൂളുകളിലെ ശിശുവിനോദോത്സവം രാവിലെ 9-30-ന് കൊടകര പഞ്ചായത്ത് പ്രസിഡണ്ടു് ശ്രീ പി. വി.രാഘവൻ പതാക ഉയർത്തി ഉൽഘാടനം ചെയ്യുകയും തുടർന്ന് വിദ്യാർത്ഥി, വിദ്യാർത്ഥിനികളുടെ കായികവും, കലാപരവുമായ വിവിധമത്സരങ്ങൾ നടത്തുകയും ഉണ്ടായി. ഇതേതുടർന്ന് വൈകീട്ട് സ്കൂൾഅങ്കണത്തിൽകൂടിയ പൊതുയോഗത്തിൽ ജെ. എം. ഹരിഹരൻ (റിട്ട: ഡി: ഇ. ഒ) ആദ്ധ്യക്ഷം വഹിക്കുകയും, യോഗം ഉൽഘാടനം ചെയ്തുകൊണ്ടു് എൻ. കൃഷ്ണപിള്ള (റിട്ട: ഡി ഇ ഒ) പ്രസംഗിക്കുകയുംചെയ്തു. മത്സരത്തിൽ തിരഞ്ഞെടുത്ത പരിപാടികൾ പ്രദർശിപ്പിക്കുകയുമുണ്ടായി.

### പഞ്ചായത്തു് വാർഷികം

കൊടകര, ജനു. 3

കൊടകര പഞ്ചായത്തിന്റെ ഒന്നാം വാർഷികം കഴിഞ്ഞ ഞായറാഴ്ച ആഘോഷിച്ചു. ആഘോഷത്തോടനുബന്ധിച്ച് പഞ്ചായത്താഫീസിൽവച്ച് പഞ്ചായത്തു് പ്രസിഡണ്ട് പി. വി. രാഘവൻ പതാക ഉയർത്തി, അതേ തുടർന്ന് വൈകീട്ട് 6 മണിക്ക് പഞ്ചായത്ത് അങ്കണത്തിൽവച്ച് ശ്രീ കെ. എം. കുഞ്ഞുവറീത (ബി ഡി സി മെമ്പർ)ന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ സി. എസ്. പണിക്കർ; വി. ശിവരാമൻ; സി. ജെ. സുബ്രഹ്മണ്യൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. സമ്മേളനത്തിൽ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

o-o

### കള്ളപ്പണംവെട്ട കോഴിക്കോട്ടുനിന്നു് 915 ഗ്രാം സ്വർണ്ണം പിടിച്ചു

കോഴിക്കോട്ട് ജനു. 27

മിനിഞ്ഞാന്നുരാത്രി ഇവിടെ കോർട്ടു റോഡിൽ പാലക്കപറമ്പിൽ വാസു എന്ന സ്വർണ്ണപ്പണിക്കാരന്റെ പ്രവർത്തിസ്ഥലം സെൻട്രൽ എക്സൈസ് സ്റ്റേഷൻ സൂപ്രണ്ടു് എസ് ചൊക്കലിംഗവും പാർട്ടിയും പരിശോധിച്ചു 14 കാരററിൽ കൂടുതൽ വരുന്ന 915 ഗ്രാം സ്വർണ്ണം പിടിച്ചെടുത്തിരിക്കുന്നു. 47.900 ഗ്രാം, 867 100 എന്നിങ്ങനെ രണ്ടു് വകയായിട്ടാണ് സ്വർണ്ണം പിടിച്ചെടുത്തിട്ടുള്ളതു്. കേസ്സെടുത്തശേഷം വാസുവിനെ ജാമ്യത്തിൽവിട്ടു.

—

### നെഹ്റുജി മെമ്മോറിയൽ ക്ലബ്ബിൽ പണംവെച്ചു ശീട്ടുകളി

പാലക്കാട്ട്, ജനു: 26

പാലക്കാട്ടെ നെഹ്റുജി മെമ്മോറിയൽ റിക്രിയേഷൻ ക്ലബ്ബിൽ പണംവെച്ചു ശീട്ടുകളിച്ചു കൊണ്ടിരിക്കുമ്പോൾ ടൗൺ സബ്ബ് ഇൻസ്പെക്ടറും പാർട്ടിയും കൂടി ഒരു സംഘം ആളുകളെ 6 ഔൺസ് എസ്സൻസും 702കയോടുംകൂടി പിടിച്ചുകേസ്സാക്കിയിരിക്കുന്നു. (സ്വ. ലേ)

# രാജ്യത്തുടനീളം വ്യവസായങ്ങൾ ആരംഭിക്കണം

## സാമ്പത്തിക വികസന സെമിനാറിൽ ഗവർണ്ണർ ഗിരിയുടെ പ്രസ്താവന

### താൻ ജീവിച്ചിരിക്കുന്നേടത്തോളം കേരളത്തിനു പരമപ്രാധാന്യം നൽകുമെന്നു്

കോട്ടയം, ജനുവരി 26

ഞാൻ ഏതു നിലയിലായാലും ഗവർണ്ണറോ, ഒരു സാധാരണ പൗരനോ-ആയിരിക്കുന്നിടത്തോളം ജീവിച്ചിരിക്കുന്നിടത്തോളം കാലം കേരളത്തിനു പരമപ്രാധാന്യം നൽകുന്നതായിരിക്കുമെന്നു്, ഗവർണ്ണർ ശ്രീ വി. വി. ഗിരി ഇവിടെ പ്രസ്താവിച്ചിരിക്കുന്നു.

ബി എസ് എസ്സിന്റെ ആഭിമുഖ്യത്തിൽ മാമ്മൻമാപ്പിള ഹാളിൽ ആരംഭിച്ച കേരള സാമ്പത്തിക വികസനസെമിനാർ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളം ഒരു സാധാരണക്കാരന്റെ രാജ്യമാണെന്നും, സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും മുന്നോക്കം നിൽക്കുന്ന കേരളീയർ ജാതിമതവ്യത്യാസം കൂടാതെ തന്നെ സ്നേഹിച്ചുവെന്നും അതുമൂലം താൻ അവരോടു് കടപ്പെട്ടിരിക്കുന്നുവെന്നും ഗവർണ്ണർ പറഞ്ഞു. താൻ ഈ സംസ്ഥാനം വിട്ടുപോയാലും ഈ രാജ്യത്തിന്റെ താല്പര്യത്തിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ കേരളീയർ വിസ്മരിക്കുകയില്ലെന്നു തനിക്കുറപ്പുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

കഴിഞ്ഞ 5 വർഷക്കാലം കേരളത്തിന്റെ പ്രശ്നങ്ങൾ ശരിക്കും പഠിച്ച ഗവർണ്ണർ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഒന്നൊന്നായി നിരത്തിവച്ചു.

വർദ്ധിച്ചുവരുന്ന ജനസംഖ്യയും ഭൂമിയിന്മേലുള്ള ജനങ്ങളുടെ വർദ്ധമാനമായ ആശ്രയവും ഒന്നാമത്തെ പ്രശ്നമായി അദ്ദേഹം ചിത്രീകരിച്ചു. വ്യവസായവൽക്കരണത്തിലുള്ള പിന്നോക്കം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്നിവയാണ് മററു രണ്ടു പ്രധാന പ്രശ്നങ്ങളെന്നു അദ്ദേഹം പറഞ്ഞു കേരളം മൂന്നാംപദ്ധതിയോടുകൂടി മാത്രമേ ശരിയായ ആസൂത്രണത്തിൽ പ്രവേശിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

വർദ്ധിച്ചുവരുന്ന ജനസംഖ്യയെ പരാമർശിച്ച് ഈ തരത്തിൽ മുന്നോട്ടുപോയാൽ അതു വലിയ ഭവിഷ്യത്തുകൾ കൈവരുത്തുമെന്നും ഇതവസാനിപ്പിക്കണമെന്നും ഗവർണ്ണർ പറഞ്ഞു. ഒരു ചതുരശ്രമൈലിൽ 1127 പേർ താമസിക്കുന്ന കേരളം മററ സംസ്ഥാനങ്ങളെ ഇക്കാര്യത്തിൽ പരാജയപ്പെടുത്തിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

കാർഷികോല്പാദനത്തെ സംബന്ധിച്ചിടത്തോളം കേരളം നാണ്യവിളകൾ ഉല്പാദിപ്പിക്കുന്നതിനു പ്രഥമപരിഗണന കൊടുക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചു രാജ്യത്തു് മൊത്തം കയററുമതിയിൽ ലഭിക്കുന്നതിന്റെ 15 ശതമാനം കേരളമാണു് നൽകുന്നതെന്നു അദ്ദേഹം എടുത്തു പറഞ്ഞു,

ഉല്പാദന വർദ്ധനവിനായി രാജ്യത്തുടനീളം മണ്ണു പരിശോധിച്ച് അതാതു പ്രദേശങ്ങൾക്കു് യോജിച്ചതരത്തിൽ വളം ഉപയോഗിക്കണമെന്നും ഇതേപ്പററി കഴിഞ്ഞ നവമ്പറിൽ കൂടിയ ദേശീയവികസന കൗൺസിൽ യോഗത്തിൽ താൻ പ്രത്യേകം എടുത്തുപറയുകയുണ്ടായെന്നും ഗവർണ്ണർ പറഞ്ഞു. കെമിസ്റ്റ്രി അദ്ധ്യാപകർ മണ്ണുപരിശോധനക്കാര്യത്തിൽ മുൻകൈ എടുക്കണമെന്നും അങ്ങനെയുള്ളവർക്ക് പെറിയ വേതനവും നൽകണമെന്നു് താൻ ചൂണ്ടിക്കാട്ടി കൃഷിയുടെ മേന്മ ശാസ്ത്രീയ പ്രവർത്തനത്തെ ആശ്രയിച്ചു നിൽക്കുന്നുവെന്നതിനെ യാതൊരു സംശയവുമില്ലെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായവൽക്കരണത്തെ പരാമർശിച്ചു് രാജ്യത്തുടനീളം ചെറുകിടയും ഇടത്തരവും വൻകിടയുമായ വ്യവസായങ്ങൾ ആരംഭിക്കണമെന്നും ഇതിനുവേണ്ട ആവശ്യമായ വിദ്യുച്ഛക്തിയും ശേഷിയും ശേമുഷിയും ഉള്ള ജനങ്ങളും ഈ സംസ്ഥാനത്തുണ്ടെന്നും ഗവർണ്ണർ പറഞ്ഞു കളമശ്ശേരിയിലെ വിദ്യാർത്ഥികൾ ഏതുയുള്ള സാങ്കേതിക വിജ്ഞാനവും നിഷ്പ്രയാസം പ്രവർത്തിപഥത്തിൽ കൊണ്ടുവരുമെന്നു് അദ്ദേഹം ഉദാഹരണമായി പറഞ്ഞു.

മററ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തു് വ്യവസായത്തിനു പററിയഅന്തരീക്ഷമാണ് ഉള്ളതെന്നും തൊഴിൽ സംഘടനകൾ ബോധപൂർവം ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടെന്നും ഗവർണ്ണർ പറഞ്ഞു.

ആസൂത്രിത നിക്ഷേപം ഈ സംസ്ഥാനത്തു് മത്സ്യബന്ധനവികസനത്തിനു് വമ്പിച്ച സാദ്ധ്യതകൾ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കരുതെന്നു ഗവർണ്ണർ നിർദ്ദേശിച്ചു.

രാജ്യത്തെ മത്സ്യസമ്പത്തിൽ അഞ്ചിൽ രണ്ടുഭാഗം കേരളത്തിലുണ്ടെന്നു് അടുത്തകാലത്തു നടന്ന ഗവേഷണം തെളിയിച്ചിട്ടുണ്ടെന്നും മത്സ്യബന്ധനത്തിനു ആധുനികമാർഗ്ഗങ്ങൾ ഉപയോഗിച്ചു ഈ വ്യവസായം വളർത്തിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു 1960-61ൽ ചെമ്മീൻ കയററുമതിയിൽ 1.82 കോടി രൂപയാണ് ലഭിച്ചതെങ്കിൽ 1965-66ൽ ഈ തരത്തിലുള്ള വരുമാനം 6.52 കോടി രൂപയായിരിക്കുമെന്നാണ് പ്രതീക്ഷയെന്നും ഗവർണ്ണർ പറഞ്ഞു.

നാലാം പദ്ധതിയിൽ ഒരു വൻകിട മത്സ്യബന്ധനപദ്ധതി ഏർപ്പെടുത്താൻ അദ്ദേഹം നിർദ്ദേശിച്ചു. അതോടൊപ്പം മററ അനുബന്ധവ്യവസായങ്ങളും ആരംഭിക്കാൻ കഴിയുമെന്നു് അദ്ദേഹം പറഞ്ഞു.

കേരളത്തിൽ വൻകിടയും ഇടത്തരവുമായ ജലസേചനപദ്ധതികൾ ആവശ്യമാണെന്നും പ്ലാനിംഗ് കമ്മീഷൻ ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നും ഗവർണ്ണർ പറഞ്ഞു.

കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിനു് തന്നാൽകഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്നും കേരളത്തിന്റെ ഭാവി ശോഭനമാണെന്നും അദ്ദേഹം പറഞ്ഞു.

സെമിനാറിന്റെ ഓർഗനൈസിംഗ് കമ്മററി ചെയർമാൻ മി. കെ എം മാത്യു അതിഥികൾക്ക് സ്വാഗതം ആശംസിച്ചു. സെമിനാർ ചെയർമാൻ ശ്രീ പന്തപ്പിള്ളിയുടെ അസാന്നിദ്ധ്യത്തിൽ സെമിനാർ ഡയറക്ടർ മി എം. കെ കെ നായർ ഗവർണ്ണറെ ഉൽഘാടനത്തിനു ക്ഷണിച്ചു.

ശ്രീ എം കെ കെ നായർ ചെയ്ത പ്രസംഗത്തിൽ [illegible] സെമിനാർ [illegible] പ്രാധാന്യം [illegible] സ്ഥാനം [illegible] പറഞ്ഞു.

ഉദ്യോഗസ്ഥന്മാരും വിവിധ ഡിപ്പാർട്ടുമെൻറുകളും [illegible] സഹകരിച്ചു് [illegible] പറഞ്ഞു.

രാവിലത്തെ ഉൽഘാടന [illegible] ശേഷം സെമിനാർ [illegible]. ശ്രീ എം. കെ. കെ. നായരായിരുന്നു [illegible].

ശ്രീ എം. കെ. കെ. നായർ [illegible] സെമിനാറിൽ കേരളത്തിലെ [illegible] വ്യവസായിക [illegible] പ്രതിനിധികൾ [illegible].

[illegible] സെമിനാറിൽ [illegible] ശ്രീ ആർ. പ്രസാദ് [illegible].

കേരളത്തിലെ [illegible] സംബന്ധിച്ചുള്ള [illegible].

—

### പുനഃനിയമനക്കാരെ പിരിച്ചുവിടുന്നു

തൃശ്ശൂർ, ജനു: 28

മസൂരി നിർമ്മാർജ്ജനപദ്ധതിയിൽനിന്നു് പിരിച്ചുവിടുന്ന ഏകദേശം 650 പേരെ ഉൾപ്പെടുത്താനായി മലമ്പനി നിർമ്മാർജ്ജനപദ്ധതിയിൽനിന്ന് പിരിച്ചുവിടപ്പെട്ട് പുനർനിയമനം ലഭിച്ച ബേസിക് ഹെൽത്തു് വർക്കേഴ്സിനെ യാതൊരു കാരണവും കൂടാതെ പിരിച്ചുവിടുവാനുള്ള കരുനീക്കങ്ങൾ തിരശ്ശീലക്കു് പിന്നിൽ നടന്നുകൊണ്ടിരിക്കുന്നതായി സൂക്ഷ്മമായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു കേരള സ്റ്റേററ് ഹെൽത്തു് അസിസ്റ്റൻറ് ആൻറ് ബേസിക് ഹെൽത്തു് വർക്കേഴ്സ് ഓർഗനൈസേഷൻ കമ്മററി കൺവീനർ പി ഐ ജോസഫ് ഒരു പ്രസ്താവനയിൽ പറയുന്നു.

പ്രസ്താവന തുടർന്നു പറയുന്നു;

ഒരു സമരംചെയ്തു് [illegible] അവകാശങ്ങൾ പുനർനിയമനം- ചില ഉദ്യോഗസ്ഥന്മാരുടെ കരിവിന്റെ പേരിൽ പിരിച്ചുവിടുകയാണെങ്കിൽ അതു് [illegible]. ഈ ഗവണ്മെണ്ട് [illegible] ഇത്തരം പദ്ധതികൾ [illegible] പുതുതായി [illegible] ഉൾപ്പെടുത്തി [illegible] പുനർനിയമനം ലഭിച്ച എല്ലാവരേയും [illegible] സർവ്വീസിൽ [illegible] വെളിയിൽ നില്ക്കുന്ന [illegible] തന്നെ [illegible].

—

### മരിച്ച ആൾ ഉയിർത്തു

തിരുവനന്തപുരം, ജനു: 27

[illegible] ബാബു എന്ന [illegible] കൊന്നു [illegible] പോലീസ് [illegible] നടത്തിയ [illegible] ബാബുവിനെ [illegible] പോലീസ് [illegible] കൊണ്ടുവന്നിരിക്കുന്നു.

(സ്വ. ലേ)

### അമ്മയെ കണ്ടുകിട്ടി

സ്വ ലേ പാലക്കാട്ട് ജനു 28

[illegible] നിന്നു [illegible] പോലീസിന്റെ അന്വേഷണഫലമായി 35 വയസ്സായ കോച്ചി എന്ന സ്ത്രീയെ [illegible] ചെയ്തിരിക്കുന്നു. ഈ സ്ത്രീക്ക് നാലു കുട്ടികളുണ്ടു്. കോച്ചി കാൾ [illegible] കയുണ്ടായി.

# ഹിന്ദി വിരുദ്ധ പ്രക്ഷോഭണം തുടരുന്നു

(പി. ടി. ഐ.) മദ്രാസ്, ജനു. 28

മൂന്ന് ദിവസം നീണ്ട വിദ്യാർത്ഥി പ്രകടനങ്ങളും, അറസ്റ്റുകളും എന്നിവക്കുശേഷം ഇന്ന് നഗരം ശാന്തമായി കാണപ്പെട്ടു. കഴിഞ്ഞ രാത്രിയിൽ 428 സാമൂഹ്യവിരുദ്ധരെ പോലീസ് പിടികൂടി.

## മദിരാശിയിലെ സംഭവങ്ങളും നന്ദയെ ഞെട്ടിപ്പിച്ചു

[പി. ടി. ഐ] കൽക്കട്ട, ജനു 28

മദിരാശിയിലുണ്ടായ സംഭവങ്ങളെന്ന അത്യധികം ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തുവെന്ന് അഭ്യന്തരമന്ത്രി നന്ദ ഇന്നിവിടെവച്ച് പ്രസ്താവിച്ചു.

ഇത്തരം ഒരു സ്ഥിതിവിശേഷത്തിനു യാതൊരു കാരണവുമില്ലെന്ന് കിഴക്കൻ മേഖലാ കൗൺസിൽ യോഗത്തിൽ സംബന്ധിക്കാൻ ഇവിടെയെത്തിയ അദ്ദേഹം വ്യക്തമാക്കി. മദിരാശിയിലുണ്ടായ ഭാഷാപ്രക്ഷോഭത്തിൽ ഒരു പക്ഷത്തിനും ഒരു ന്യായീകരണവുമില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പത്രാധിപക്കുള്ള കത്ത്

## ഇതെന്ത് പരിഷ്കാരം?

'മലയാള പ്രശ്നം' പരിഹരിച്ചു, ഇടക്കാലാശ്വാസം അനുവദിച്ച എന്നീ പുരുഷോത്തമയിയ വാർത്തയോടുകൂടിയാണ് റിപ്പബ്ലിക്കുദിനത്തിലെ പത്രങ്ങൾ അഭ്യൂഹകക്ഷികളിലേക്ക് കടന്നുനോക്കുന്നത്. അഭ്യൂഹകർ സമരം ഒരു വലിയ പരാജയമായി കലാശിച്ചുവെന്നു വ്യക്തമാക്കി. അഭ്യൂഹകരിൽ ബഹുഭൂരിഭാഗത്തെയും നിരാശയിലാഴ്ത്തിയ ഒരു പ്രഖ്യാപനമാണ് നടന്നതും.

ഒരു ഉപറിവിഷനോ മാറ്റമുപതിയിലുള്ള സാമ്പത്തികആനുകൂല്യങ്ങളോ നടപ്പിൽ വരുത്തുമോ പുതുകാലങ്ങളിൽ അനുഭവിച്ചുവക്കാണ് കൂടുതൽ സംതൃപ്തി ഉണ്ടായിരിക്കുക. ഒരു ജനാധിപത്യരാജ്യത്തിലെ നിയമങ്ങളും പരിശുദ്ധിക്കപ്പോലും ഒരു പ്രതീക കാലഘട്ടം വരെയുള്ള നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നാമകരണം പുതിയവയെ നടപ്പിലാക്കുകയാണ് പതിവ്. കാലക്രമത്തിൽ പരിഷ്കരിച്ചുമായി അപ്രത്യക്ഷമാകുകയും പുതിയവ ബലത്തിൽ വരികയും ചെയ്യും സാധുലഘുകിക നടപടിക്രമമാണ് അതു. നമ്മുടെ സംസ്ഥാനത്തിലും അങ്ങിനെതന്നെ ഇതുണ്ടായി.

2-10-1957നു മുമ്പ് നിയമനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകർക്കെല്ലാം പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ്ഫണ്ട് മുതലായവയെ സംബന്ധിക്കുന്നതും ഇപ്പോൾ അനുഭവിക്കുന്നതുമായ ആനുകൂല്യങ്ങൾ തുടരുമെന്നതിനു പുറമെ ഇപ്പോൾ അദ്ധ്യാപകർക്ക് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്. ഇതിനുപുറമെ ഇപ്പോൾ അദ്ധ്യാപകർ ബഹുഭൂരിഭാഗത്തേയും നിരാശയിലാഴ്ത്തിയ ഒരു പ്രഖ്യാപനമാണ് നടന്നതും.

ഒരു ഉപറിവിഷനോ മാറ്റമുപതിയിലുള്ള സാമ്പത്തികആനുകൂല്യങ്ങളോ നടപ്പിൽ വരുത്തുമോ പുതുകാലങ്ങളിൽ അനുഭവിച്ചുവക്കാണ് കൂടുതൽ സംതൃപ്തി ഉണ്ടായിരിക്കുക. ഒരു ജനാധിപത്യരാജ്യത്തിലെ നിയമങ്ങളും പരിശുദ്ധിക്കപ്പോലും ഒരു പ്രതീക കാലഘട്ടം വരെയുള്ള നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നാമകരണം പുതിയവയെ നടപ്പിലാക്കുകയാണ് പതിവ്. കാലക്രമത്തിൽ പരിഷ്കരിച്ചുമായി അപ്രത്യക്ഷമാകുകയും പുതിയവ ബലത്തിൽ വരികയും ചെയ്യും സാധുലഘുകിക നടപടിക്രമമാണ് അതു. നമ്മുടെ സംസ്ഥാനത്തിലും അങ്ങിനെതന്നെ ഇതുണ്ടായി.

## ഹിന്ദി കോളേജ് കമ്മറ്റി എറണാകുളത്ത്

### തൃശൂരിലെ ഹിന്ദി കേന്ദ്രം നിങ്ങൾ കോംപ്ലക്സും സന്ദർശിക്കും

(പി. ടി. ഐ.) എറണാകുളം, ജനു. 28

വിവിധ സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവണ്മെന്റിനു കീഴിലുള്ള ഹിന്ദി കോളേജുകളും പരിശോധിക്കുവാൻ നിയമിതമായിട്ടുള്ള നാലംഗകമ്മറ്റി മദിരാശിയിൽനിന്ന് ഇന്നിവിടെയെത്തിയിരിക്കുന്നു.

ഡോക്ടർ സുരേഷ് അവസ്തിയുടെ നേതൃത്വത്തിലുള്ള ഈ കമ്മറ്റിയിലെ അംഗങ്ങൾ ബാലകൃഷ്ണറാവു, നാരായൺ ചതുർവേദി, എം. എൽ. ചിവേരി എം. പി. എന്നിവരാണ്.

കേരളത്തിലെ പരിപാടിയിൽ ഹിന്ദി പ്രചാരണത്തെയും കേരള സർക്കാരിലെ ഹിന്ദി വകുപ്പിനെയും തൃശൂരിലെ ഹിന്ദി കോളേജിനെയും അവർ സന്ദർശിക്കുന്നതാണ്.

മാസ്റ്റർ അവസാനത്തിൽ കമ്മറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിക്കും.

## പരാതിയുണ്ടെങ്കിൽ നിവേദനം നടത്തുക

### വിദ്യാർത്ഥികളോട് കാമരാജിന്റെ ആഹ്വാനം

(പി. ടി. ഐ.) മദിരാശി, ജനു. 27

ഹിന്ദി രാഷ്ട്രഭാഷയാക്കുന്നതിൽ അന്തർലീനമായിട്ടുള്ള സംഗതികളെ സംബന്ധിച്ച് എന്തെങ്കിലും സംശയമോ, ഭീതിയോ ഉണ്ടെങ്കിൽ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കാൻ സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹത്തോട്, കോൺഗ്രസ്സ് പ്രസിഡണ്ട് കാമരാജ് ആഹ്വാനം ചെയ്തിരിക്കുന്നു.

ഹിന്ദി സംസാരിക്കാത്ത ജനങ്ങളുടെ താല്പര്യത്തെ സംരക്ഷിക്കേണ്ടതുണ്ട് അതാതു സംസ്ഥാനഗവണ്മെന്റുകളുടെ പ്രാഥമികകർത്തവ്യമാണ്. തമിഴ്നാട്ടിലെ ജനങ്ങൾക്ക് ഏതുതരത്തിലുള്ള സംരക്ഷണമാണ് ആവശ്യമുള്ളതെന്ന് നിവേദനം നടത്തിയാൽ മുഖ്യമന്ത്രി അവ പരിശോധിച്ച് ഉചിതമായ നടപടികളെടുക്കുമെന്നും കാമരാജ് പറഞ്ഞു.

## ഹിന്ദിവിരുദ്ധസത്യാഗ്രഹം സിങ്കപ്പൂരിൽ

(റോയിട്ടർ) സിങ്കപ്പൂർ, ജനു 28

ഹിന്ദി രാജ്യോഗിക ഭാഷയാക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് നാല് ഇന്ത്യക്കാർ ഇവിടെയുള്ള ഇന്ത്യൻ ഹൈക്കമ്മീഷന്റെ മുമ്പിൽ നിരാഹാരസത്യാഗ്രഹമാരംഭിച്ചിരിക്കുന്നു.

മദിരാശിയിലെ വിദ്യാർത്ഥികളുടെ പ്രക്ഷോഭത്തോടു ഐക്യപ്പെടുന്നതിനുവേണ്ടിയാണ് തങ്ങൾ ഈ സത്യാഗ്രഹം നടത്തുന്നതെന്ന് ഇവർ പ്രസ്താവിച്ചു. ഇന്ത്യൻ ഹൈക്കമ്മീഷണർ മുമ്പിൽ നിരാഹാരസത്യാഗ്രഹമാരംഭിച്ചിരിക്കുന്നു.

മദിരാശിയിലെ വിദ്യാർത്ഥികളുടെ ഈ നടപടിയോടു ഐക്യപ്പെടുന്നതിനുവേണ്ടിയാണ് തങ്ങൾ ഈ സത്യാഗ്രഹം നടത്തുന്നതെന്ന് ഇവർ പ്രസ്താവിച്ചു. ഇന്ത്യൻ ഹൈക്കമ്മീഷണർ മുമ്പിൽ നിരാഹാരസത്യാഗ്രഹമാരംഭിച്ചിരിക്കുന്നു.

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur

# സംസ്ഥാന യുവജനോത്സവം സമാപിച്ചു

### മത്സരത്തിൽ ഒന്നാം സ്ഥാനം കൊല്ലത്തിനും രണ്ടാം സ്ഥാനം ആലപ്പുഴയ്ക്കും ലഭിച്ചു

(സ്വ. ലേ.) ഷൊർണ്ണൂർ, ജനുവരി 28

ഷൊർണ്ണൂർ മോഹിനിയിൽവച്ച് കഴിഞ്ഞ മൂന്നുദിവസങ്ങളായി നടന്നുവന്നിരുന്ന സംസ്ഥാന യുവജനോത്സവം ഇന്നലെ വൈകുന്നേരം 6.30-ന് അഡൈവസർ ശ്രീ. ഗോവിന്ദനാരായണന്റെ അദ്ധ്യക്ഷതയിൽ ചേന്ന സമാപനസമ്മേളനത്തോടെ സമംഗളം പര്യവസാനിച്ചിരിക്കുന്നു.

വിദ്യാർത്ഥിലോകത്തെ ഭാവിയിലെ ഉത്തമ പൌരന്മാരായി മെത്തിക്കിയെടുക്കുന്നതിൽ അദ്ധ്യാപകന്മാരുടെയും രക്ഷിതാക്കളുടെയും പങ്കിനെപ്പറ്റിയും, സ്വാതന്ത്ര്യാനന്തരത്തിലെ ഉത്തമ പൌരന്മാരായി തീരുന്നതിന് വിദ്യാർത്ഥികൾ നിറവേറ്റേണ്ട കടമകളെപ്പറ്റിയും അദ്ധ്യക്ഷൻ സുദീർഘമായി പ്രസംഗിക്കുകയുണ്ടായി. നാളത്തെ പൌരന്മാരെ വളർത്തിയെടുക്കുന്നതിൽ അദ്ധ്യാപകർ അനുഷ്ഠിച്ചുപോരുന്ന സേവനങ്ങളെ അഡൈവസർ പ്രകീർത്തിച്ചു. തങ്ങളിൽ അന്തർലീനമായിട്ടുള്ള കലാവാസനകളെ പോഷിപ്പിക്കാനുള്ള അവസരങ്ങൾ ഇന്നത്തെവിദ്യാർത്ഥിലോകത്തിന് വേണ്ടതു ലഭിക്കുന്നുണ്ടെന്നും അതു് അവർ ശരിക്ക് പ്രയോജനപ്പെടുത്തണമെന്നും, അദ്ദേഹം പറഞ്ഞു. കുട്ടികളുടെ ഇടയിലുള്ള അച്ചടക്കരാഹിത്യം ആശാസ്യമല്ലെന്നും വിദ്യാർത്ഥികൾ ഭാവിയിലെ ഉത്തമ പൌരന്മാരായി ഉയരുന്നതിന് സമൂഹത്തോടും സംസ്ഥാനത്തോടും രാഷ്ട്രത്തോടുമുള്ള കടപ്പാട് അവർ ശരിയ്ക്കും നിറവേറ്റണമെന്നും അദ്ദേഹം പറഞ്ഞു. നാം നേടിയെടുത്ത സ്വാതന്ത്ര്യം നമുക്ക് വളരെ വിലപ്പെട്ടതാണ്. അതു കാത്തുസൂക്ഷിക്കാൻ നാം സദ്ധ്വാ, ജാഗ്രതകരായിരിക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.

പിന്നീട് യുവജനോത്സവത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് അഡൈവസർ സമ്മാനദാനം നിർവ്വഹിക്കുകയുണ്ടായി. യുവജനോത്സവത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ മൊത്തം 34 പോയിന്റുകൾ നേടി ഒന്നാംസ്ഥാനം കരസ്ഥമാക്കിയതു് കൊല്ലം വിദ്യാഭ്യാസജില്ലയാണ്. രണ്ടാം സ്ഥാനം ആലപ്പുഴ ജില്ലയ്ക്കും (27 പോയിന്റ്) മൂന്നാംസ്ഥാനം എറണാകുളത്തിനും (ഇരിഞ്ഞാലക്കുടയ്ക്കും കൂടിയും (24 പോയിന്റ് വീതം) ലഭിച്ചു. മാറ്റ ജില്ലകൾക്ക് കിട്ടിയ പോയിന്റുകൾ താഴെ കൊടുക്കുന്നു.

തൃശൂർ 22, പാലക്കാട് 21, കോട്ടയം 17, തിരുവല്ല 13, മലപ്പുറം 10, തിരുവല്ല 8, കാഞ്ഞിരപ്പള്ളി 7 മാവേലിക്കര 7 പോയിന്റ് വീതവും

അലുവ, വടകര, കോഴിക്കോട്, മഠാപ്പുലം, പാലാ, പത്തനംതിട്ട എന്നീ ജില്ലകൾക്ക് 6 പോയിന്റ് വീതവും കാസർകോട്, കൊട്ടാരക്കര, തിരുവനന്തപുരം എന്നീ ജില്ലകൾക്ക് 3 പോയിന്റ് വീതവും, ചാവക്കാട്ടിനും, മൂവാറ്റുപുഴക്കും 1 പോയിന്റ് വീതവും ലഭിക്കുകയുണ്ടായി. ആറാറിങ്കൽ വിദ്യാഭ്യാസജില്ലയ്ക്ക മാത്രം ഒരു പോയിന്റും ലഭിക്കുകയുണ്ടായില്ല. സംസ്ഥാനതല 24 വിദ്യാഭ്യാസ ജില്ലകളിലെ 301 സ്കൂളുകളിൽനിന്നും 250 വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെക്കം മൊത്തം 526 പേർ പങ്കെടുത്തു.

-:-

## ഒടിമത്സരത്തിന് തീപിടിച്ച് ഒരാൾ മരിച്ചു

### നാലുവയി പേർക്ക് പരിക്ക്

(സ്വ. പ്ര.) പുതുക്കാട്, ജനു. 27

മുളങ്ങ് ചാത്തന്നൂത്ത് ഭഗവതിക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന കരിമരുന്നുപ്രയോഗത്തിനുവേണ്ടിയുള്ള കരിമരുന്നുസാമഗ്രികളും സ്റ്റോക്കുചെയ്തിരുന്ന സ്ഥലത്തുണ്ടായ തീപിടിത്തത്തിനെത്തുടർന്ന് ഒരാൾ മരണമടയുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്കുകളുണ്ടാകുകയും ചെയ്തിരിക്കുന്നു.

ഉത്സവത്തിനുവേണ്ടി കരിമരുന്നുപ്രയോഗത്തിനുവേണ്ടിയുള്ള കരിമരുന്നുസാമഗ്രികളും സ്റ്റോക്കുചെയ്തിരുന്ന സ്ഥലത്തുണ്ടായ തീപിടിത്തത്തിനെത്തുടർന്ന് ഒരാൾ മരണമടയുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്കുകളുണ്ടാകുകയും ചെയ്തിരിക്കുന്നു.

ഇന്നലെ രാത്രി 8 മണിയോടുകൂടിയാണ് സംഭവം. തൊട്ടടുത്തുള്ള പുതുക്കാട് സ്വദേശിയായ ചെറുമുക്കിൽ ഉണ്ണിയാണ് (50) മരണമടഞ്ഞത്. പുതുക്കാട് സ്വദേശികളായ ഇണ്ണീരി, പാണൻ ബാലൻ, കൊപ്പ്, പുത്തൂത്ത് അന്തോണി, കല്യാണി, അവരുടെ മകൻ മോഹനൻ (മൂന്നര വയസ്സ്) എന്നിവരാണ് ഗുരുതരമായ പരിക്കേറ്റിട്ടുള്ളവർ. ഇവർ പുതുക്കാട് ആസ്പത്രിയിലാണ്. പരിക്കേറ്റ വേറെ കുറേയാളുകൾ ഇരിങ്ങാലക്കുട ആസ്പത്രി

## അറിയിപ്പ്.

എ. കെ. പി. മെഠൽസ് & അല്ലോയിഡിന്റെ എറണാകുളം സെയിൽസ് ആഫീസ് ജൂബിലി സ്കീമിൽനിന്നും മറ്റൊരിടത്തേയ്ക്ക് മാറ്റിയിരിക്കുന്നു. (എറണാകുളം ഫോൺ: 3009.)

Enterprised by, Alenghaden Vessels House Manufacturers & Dealers, Irinjalakuda.

## SHORT QUOTATION NOTICE

Sealed quotations are invited by the Superintendent Junior Technical School, Koratty for the conveyance of materials arriving at the Railway station and lorry parcel offices at Koratty Angadi, Chalakudi Koratty and Angamali to the Junior Technical School, Koratty. The last date for receipt of quotations by the Superintendent is 11/2/1965 and will be opened by him on 12-2-1965 Detailed quotation notice regarding terms and condition of contract, earnest money to be deposited, items for which rates are to be quoted etc. can be had from the Superintendent on request till 10-2-1965. Intending tenderers are also informed that all correspondence relating to this should be made to the Superintendent Junior Technical School Koratty

Office of the Director of Technical Education, Trivandrum, dated 22-1-1965

DIRECTOR OF TECHNICAL EDUCATION:

## മാർക്കറ്റ്

(ജനുവരി 28 വ്യാഴം)

| | തൃശൂർ | ആലപ്പുഴ | കൊച്ചി |
|---|---|---|---|
| വെളിച്ചെണ്ണ (കിന്റലിന്) | 310 00 | 302 80 | 303 00 |
| " ഒന്നാംവെള്ളി " | ---- — | 291 80 | 291-65 |
| " രണ്ടാം " | ---- — | 283 00 | 283 00 |
| കൊപ്ര പൂകാലി " | 210-00 | 312 00 | 217-00 |
| " തൊടിവ് " | ---- — | 217-00 | 212-09 |
| പീസുക്ക് " | 62-00 | 61-00 | 61 00 |
| ഉണ്ടമുളക് " | ---- — | 275 00 | 383 00 |
| മുണ്ടക് (ക്വിന്റൽപ്പറം) | ---- — | 299-50 | 380-00 |
| കുരുമുളക് " | 365-00 | 395-00 | 404-50 |
| " വരവു മേന്മി " | ---- — | 260-00 | ---- |
| " തൊക്കൻ " | ---- — | 160-00 | ---- |
| മുതിര " | 150-00 | 400-00 | 300 00 |
| മഞ്ഞൾ " | 125-00 | 120-00 | 165 00 |
| ഇഞ്ചി " | ---- — | ---- | 525-00 |
| വെളുത്തവി പുര് (20 കിലോ) | 115-40 | ---- | ---- |
| കിഴിച്ചുര് " | 140-50 | ---- | ---- |
| ജീരകം (50കിലോ) | 280-50 | ---- | ---- |
| " ചുരശരി | 400-25 | ---- | ---- |
| പുതിയതരം | 110-00 | ---- | 110-00 |
| പച്ചരി | ---- — | ---- | ---- |
| പച്ചരിവലരി | ---- — | ---- | ---- |
| " (ഗ്രീ. കു.) | ---- — | ---- | ---- |
| അരിപ്പൊടി | ---- — | ---- | ---- |
| കുത്തരി ഞാലരെങ്ങ് (കിന്റ | ---- — | ---- | ---- |
| " ജ്യോതി " | ---- — | 115-00 | ---- |
| " ആറാട്ടുപുഴ " | ---- — | 110-00 | ---- |

## കേരള കോ ഗ്രസ്സ് തൃശൂർ ജില്ലയിൽ സ്വന്തം സ്ഥാനാർത്ഥികളില്ല

സ്വ. ലേ. തൃശൂർ ജനു: 27

കേരള കോൺഗ്രസ്സ് തൃശൂർ ജില്ലാ കമ്മിറ്റിയുടേയും മണ്ഡലം പ്രസിഡണ്ടുമാരുടെ സംയുക്തയോഗത്തിന്റെ തീരുമാനപ്രകാരം ഒരു യോഗം ചേന്ന് അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക എന്ന ആത്യന്തികലക്ഷ്യത്തിനുവേണ്ടി അംഗീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

മൻ എം എൽ എ യും കേരള കോൺഗ്രസ്സ് ജില്ലാ പ്രസിഡണ്ടുമായ ടി. എ. ധർമ്മരാജയ്യർ തൽക്കാലം പാർട്ടിസ്ഥാനങ്ങൾ മാറിനിന്നുകൊണ്ട് തൃശൂരിൽ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും കമ്മിറ്റി അതംഗീകരിക്കുകയും ചെയ്തു.

തൃശൂർ ജില്ലാ കോൺഗ്രസ്സ് കമ്മറ്റി സെക്രട്ടറിയും യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡണ്ടുമായിരുന്ന കെ പി പോളി ഇരിങ്ങാലക്കുടയിൽ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിക്കും. കേരളാ കോൺഗ്രസ്സ് നേതാവായ അദ്ദേഹത്തിനു് ജോർജ്ജലക്കുടയിലെ കോൺഗ്രസ്സ് പ്രവർത്തകർക്കിടയിലുള്ള സ്വാധീനംമൂലം കോൺഗ്രസ്സിന്റെ എഴുപതുശതമാനം വോട്ടും ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയെന്നനിലയിൽ തനിക്ക് നേടാൻ കഴിയുമെന്നാണ് പോളിയുടെ വിശ്വാസം.

ചാലക്കുടിയിൽ ബി. സി. വർഗ്ഗീസും ഒല്ലൂരിൽ ടി പത്മനാഭൻനായരും കൊടകരയിൽ ലോനപ്പൻ നമ്പാടനും ചേലക്കര(റിസ:)യിൽ പി എസ്. മണിയും മാളയിൽ ഇട്ടീര അനുക്കനും സ്വതന്ത്രസ്ഥാനാർത്ഥികളായി മത്സരിക്കുന്നതാണ് ഇവരെയും കേരള കോൺഗ്രസ്സ് സഹായിക്കും.

മാളയിലെ തീരുമാനം മാറ്റങ്ങൾക്ക വിധേയമാകുമെന്നറിയുന്നു. കോൺഗ്രസ്സിന്റെ തോൽവിയ്ക്കുവേണ്ടി കെ ടി പി സ്ഥാനാർത്ഥിയെ അവിടെ സഹായിക്കാനും സാധ്യതയുണ്ടെന്നാണ് മനസ്സിലാവുന്നത്.

## ജില്ലാ സെക്രട്ടറി രാജിവെച്ചു

കേരള കോൺഗ്രസ്സ് തൃശൂർ ജില്ലാ സെക്രട്ടറി സി. എൻ. ബാലകൃഷ്ണൻ തൽസ്ഥാനം രാജിവെച്ചതായറിയുന്നു.

## സമരം തുടരുന്നു

എറണാകുളം, ജനു. 27

ഉപ്പുണ്ണിയുടെ തർക്കം ഫ്രണ്ട്സ് കമ്പനി തൊഴിലാളികളും നടത്തിവരുന്ന പണിമുടക്ക് സത്യാഗ്രഹസമരം ഇന്നും തുടരുകയാണ്.

2-1-65ൽ ആണ് സമരം തുടങ്ങിയതു്.

ഇന്നലെ എറ്റുമാക്കാറിന്റെസമീപം ചേന്ന സമരപ്രചരണയോഗത്തിൽ ശ്രീ. മണക്കര ശ്രീധരൻ അദ്ധ്യക്ഷത വഹിച്ചു. പി. രവീന്ദ്രൻ എ. പി. വക്കി എൻ. എസ്സ്. രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

16-1-65ലും 25-1-65ലും ഡിസ്ട്രിക്ട് ലേബർ ഓഫീസർ വിളിച്ചുകൂട്ടിയ കൺസിലിയേഷൻ കോൺഫറൻസുകളിൽ മാനേജ്മെന്റ് ഹാജരാകുകയുണ്ടായില്ല ഇതിനെ പ്രതിഷേധിച്ചുകൊണ്ടു് പ്രമേയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിലേക്കയച്ചിട്ടുണ്ടു്.

-:-

## ഒടിമത്സരത്തിന് തീപിടിച്ച് ഒരാൾ മരിച്ചു

### നാലുവയി പേർക്ക് പരിക്ക്

(സ്വ. പ്ര.) പുതുക്കാട്, ജനു. 27

മുളങ്ങ് ചാത്തന്നൂത്ത് ഭഗവതിക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന കരിമരുന്നുപ്രയോഗത്തിനുവേണ്ടിയുള്ള കരിമരുന്നുസാമഗ്രികളും സ്റ്റോക്കുചെയ്തിരുന്ന സ്ഥലത്തുണ്ടായ തീപിടിത്തത്തിനെത്തുടർന്ന് ഒരാൾ മരണമടയുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്കുകളുണ്ടാകുകയും ചെയ്തിരിക്കുന്നു.

ഉത്സവത്തിനുവേണ്ടി കരിമരുന്നുപ്രയോഗത്തിനുവേണ്ടിയുള്ള കരിമരുന്നുസാമഗ്രികളും സ്റ്റോക്കുചെയ്തിരുന്ന സ്ഥലത്തുണ്ടായ തീപിടിത്തത്തിനെത്തുടർന്ന് ഒരാൾ മരണമടയുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്കുകളുണ്ടാകുകയും ചെയ്തിരിക്കുന്നു.

ഇന്നലെ രാത്രി 8 മണിയോടുകൂടിയാണ് സംഭവം. തൊട്ടടുത്തുള്ള പുതുക്കാട് സ്വദേശിയായ ചെറുമുക്കിൽ ഉണ്ണിയാണ് (50) മരണമടഞ്ഞത്. പുതുക്കാട് സ്വദേശികളായ ഇണ്ണീരി, പാണൻ ബാലൻ, കൊപ്പ്, പുത്തൂത്ത് അന്തോണി, കല്യാണി, അവരുടെ മകൻ മോഹനൻ (മൂന്നര വയസ്സ്) എന്നിവരാണ് ഗുരുതരമായ പരിക്കേറ്റിട്ടുള്ളവർ. ഇവർ പുതുക്കാട് ആസ്പത്രിയിലാണ്. പരിക്കേറ്റ വേറെ കുറേയാളുകൾ ഇരിങ്ങാലക്കുട ആസ്പത്രി

## വൈവാഹികം

**ആനി-ഡോ. ജോർജ്ജ് ജോസഫ്**

ചിറാട്ടുകര, ജനു. 26

സ്ഥലത്തെ ഒരു ധനാഢ്യനും പ്രമുഖ വ്യക്തിയുമായ ചിറാലിപ്പള്ളി ഇട്ടൂപ്പണ്ണി വർഗ്ഗീസിന്റെ പൌത്രിയും സി വി ജോസഫിന്റെ പുത്രിയുമായ കുമാരി ആനിയും മുട്ടുള്ള് ജോർജ്ജ് മുത്തന്റെ [തിരുവനന്തപുരം] പുത്രൻ ഡോ: ജോർജ്ജ് ജോസഫും തമ്മിലുള്ള വിവാഹം ചിറാട്ടുകര ആർ സി ചർച്ചിൽവച്ച് നടന്നിരിക്കുന്നു.

വിവാഹത്തോടനുബന്ധിച്ച് നടന്ന ചടങ്ങുകളിൽ എറണാകുളം ആർച്ച്ബിഷപ്പ് മോസ്റ്റ് റവ.ഡോ:ജോസഫ് പാറേക്കാട്ടിൽ, തൃശൂർ ബിഷപ്പ് ടെറർ റവ. ഡോ. ജോർജ്ജ് ആലപ്പാട്ട്, കോഴിക്കോട് ബിഷപ്പ് ടെറർ റവ. ഡോ. എ.എം. പയ്യാനി എന്നീ തിരുമേനിമാരും റവ. ഡോ. ഫാ. ആലിപ്പിയുസ്, റവ. ഫാ. സെക്കറിയാസ് പുത്തനങ്ങാടി എന്നീ പുരോഹിതന്മാരും പങ്കെടുക്കുകയുണ്ടായി.

**ജോബി-ഇനാശു**

(സ്വ. ലേ.) ചേർപ്പ്, ജനു. 26

ഞാറയ്ക്കൽ ആളക്കാരൻ ജോസഫിന്റെ മകൻ ജയനാശു (ഫിൻഡ് കൊഖോസ്വ) യും പെല്ലിശ്ശേരി ആൻറണിയുടെ മകനും ഷേഖി(അമ്മാടം) യും തമ്മിലുള്ള വിവാഹം അമ്മാടം സെന്റ് ആൻണീസ് ചർച്ചിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

**ഫ്രാൻസീസ്-മേരി**

ചിറാട്ടുകര, ജനു. 27

വി. എൽ. ഫ്രാൻസീസും പി. സി. മേരിയും തമ്മിലുള്ള വിവാഹം ആറാപുഴ പള്ളിയിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

**റജീന-ആൻറണി**

അങ്കമാലി, ജനു. 27

അങ്കമാലി ടി ജെ അഗസ്റ്റിൻ ഏൻഡ് സൺസ് കമ്പനിയിലെ ഒരു ഉദ്യോഗസ്ഥനും, ഒരു സാമൂഹ്യ പ്രവർത്തകനും കൂടിയായ പി ടി ആൻറണിയും കുഞ്ഞൂർ ഫ്രാൻസിസ് പള്ളി ഇടവക പയോട്ടി ഫ്രാൻസിസിന്റെ മകൾ റജീനയും തമ്മിലുള്ള വിവാഹം അകപ്പറമ്പ് പള്ളിയിൽവച്ച് നടന്നിരിക്കുന്നു.

ഇതുസംബന്ധിച്ച് വരനും വധുവിയിൽ നടന്ന തേയിലസൽക്കാരത്തിൽ ഉദ്യോഗസ്ഥാനദ്യോഗസ്ഥന്മാരുമടക്കം ധാരാളമാളുകൾ സംബന്ധിച്ചു.

-:-

## ഡൽഹിയിലെ ടെലിവിഷൻ പരിപാടി നീട്ടിവെക്കുന്നു

ന്യൂഡൽഹി, ജനു 28

1965 ജനുവരി 26 മുതൽ ഡൽഹിയിൽ മാസ്സ് ടെലിവിഷൻ പരിപാടികൾ നടത്തണമെന്നും, ഏല്ലാദിവസവും രണ്ടുമണിക്കൂർ നേരത്തെ പരിപാടികൾ വേണമെന്നും ശബ്ദത്തിനു് നേരത്തെ തീരുമാനിച്ചിരുന്നുവോ, അതിനാവശ്യമായ ഉപകരണങ്ങളെല്ലാം യഥാസമയം വന്നെത്താത്തതുകൊണ്ടു് മാറ്റങ്ങളുള്ള പരിപാടി ആരംഭിക്കുന്നതിനുള്ള തീയതി കഠിനാധ്വാനംകൂടി നീട്ടിവെച്ചിരിക്കുന്നു. കഴിയുംവേഗം മാറ്റങ്ങളുള്ള ടെലിവിഷൻ പരിപാടി ആരംഭിക്കുന്നതാണു്.

....

## ഇനി സന്ദർശനം വേണ്ട

തൃശൂർ ജനു: 28

നിരവധികാലം വാഹനങ്ങളും കാളിച്ച് പരിചയമുള്ള ഒരു ബസ്സ് ഡ്രൈവർ തന്റെ ഡ്രൈവിങ്ങ് ലൈസൻസ് വേണ്ടെന്നുവച്ച ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെടുന്നു.

കഴിഞ്ഞദിവസം പുഴക്കൽവെച്ച് മറ്റൊരു നമ്പറുകാർ സ്വപ്നസ കാരുടെ ഒരു ബസ്സ് കാളിച്ചിരുന്ന കുട്ടപ്പൻ എന്നാളാണ് ഈ ഡ്രൈവർ. ബസ്സിന്റെ മുൻവശത്തെ ഒരു ടയർ പൊട്ടിത്തെറിച്ചതുകൊണ്ടു് ബസ്സ് പാടത്തേക്ക മറിയുകയും നിരവധിപേർക്ക് നിസ്സാരമായ പരുക്കുകളേൽക്കുകയുമാണുണ്ടായതു്.

ആ ബസ്സപകടത്തിനു് തന്റെ അശ്രദ്ധയോ പരിചയക്കുറവോ കാരണമായിരുന്നില്ലെന്നാണ് കുട്ടപ്പന്റെ അഭിപ്രായം. എങ്കിലും തന്റെ പേരിൽ കാറ്റം നിലവിലുണ്ടായതിനെ, അറിയാതെ കാറ്റം പുരക്കേണ്ടിവന്നതുപോലെ ഈ ജോലി തനിക്ക് ഇനി വേണ്ടെന്നുപറഞ്ഞ് കുട്ടപ്പൻ ലൈസൻസ് ആർ ടി ഓ യെ ഏൽപ്പിക്കുകയുണ്ടായതത്രേ

---

## പ്രശസ്തസേവനത്തിനു് മെഡലുകൾ

ന്യൂഡൽഹി ജനു; 28

സായുധസേനയിൽപ്പെട്ട 66പേർക്ക് പ്രശസ്തസേവനത്തിനു് വിശിഷ്ടസേവാമെഡൽ (രണ്ടാംക്ലാസ്, രണ്ടാംക്ലാസ്) സേനാമെഡ